**പന്ത്രണ്ടാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2006 ഒക്ടോബർ 5, വ്യാഴം

നിയമസഭ രാവിലെ 8-30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**ശ്രദ്ധ ക്ഷണിക്കൽ**

(1) സംസ്ഥാനത്തെ പൊതുമരാമത്ത് റോഡുകളുടെ ശോച്യാവസ്ഥ

ശ്രീ.സി.ടി. അഹമ്മദ് അലി: സംസ്ഥാനത്ത് സ്റ്റേറ്റ് ഹൈവേ അടക്കമുള്ള പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്താത്തതുമൂലം യാത്ര ചെയ്യാൻ കഴിയാത്ത സാഹചര്യമാണ്. ഗ്രാമീണ മേഖലയിലെ റോഡുകളുടെ ശോച്യാവസ്ഥ കാരണം പല സ്ഥലത്തും ബസ് സർവ്വീസുപോലും നിർത്തലാക്കി. ഏതാണ്ട് 17,708 കിലോമീറ്റർ ദൈർഘ്യ മുള്ള സംസ്ഥാനത്തെ പി.ഡബ്ള്യു.ഡി. റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനാവശ്യമായ ഫണ്ട് കണ്ടെത്തണം. ഓരോ വർഷവും നിർമ്മാണച്ചെലവ് കൂടുന്നുവെന്നു മാത്രമല്ല പി.ഡബ്ള്യു.ഡി. റേറ്റും വർദ്ധിപ്പി

ക്കാൻ പോകുന്നതായിട്ടാണ് അറിയുന്നത്. എന്നാൽ ഈ വകുപ്പിനുവേണ്ടി ബഡ്ജറ്റിൽ നീക്കിവയ്ക്കുന്ന തുക വർഷംതോറും കുറഞ്ഞു വരികയാണ്. 31.3.2006 വരെയുള്ള കണക്ക് പ്രകാരം 645 കോടി രൂപ കുടിശ്ശിക ഇനത്തിൽ കരാറുകാർക്ക് കൊടുക്കേണ്ടതുണ്ട്. 2006–07–ലെ പ്ളാൻ പദ്ധതി പ്രകാരം ഈ വകുപ്പിന് അനുവദിച്ചിട്ടുള്ള 22.67 കോടി രൂപ അപര്യാപ്തമാണ്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ റോഡുകളുടെയും പാലങ്ങളുടെയും വികസനത്തിന് 370 കോടി രൂപയുടെ ഭരണാനുമതി നൽകിയെങ്കിലും 250 കോടി രൂപയുടെ സാങ്കേതിക അനുമതിയാണ് ലഭിച്ചത്. ബാക്കി തുകയ്ക്കു കൂടി സാങ്കേതിക അനുമതി നൽകണം. നടപ്പ് സാമ്പത്തികവർഷം 2136 നിർമ്മാണ പ്രവൃത്തികൾ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും 1500–ൽപ്പരം പ്രവൃത്തികൾക്ക് മാത്രമാണ് ഭരണാനുമതി ലഭിച്ചത്. ഈ ഇനത്തിൽ 2006–07–ൽ നീക്കിവച്ച തുക 22.68 കോടി രൂപയാണ്. 350 കോടി രൂപ അനുവദിക്കണം. അറ്റകുറ്റപ്പണികൾക്കായി നോൺ പ്ളാനിൽ ആകെ 299 കോടി രൂപയാണ് വകകൊള്ളിച്ചിട്ടുള്ളത്. 17,708 കിലോമീറ്റർ ദൈർഘ്യമുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾക്കും ഉപരിതലം പുതുക്കുന്നതിനും നീക്കി വച്ച തുകയും അപര്യാപ്തമാണ്; 200 കോടി രൂപകൂടി നീക്കിവയ്ക്കണം. പി.ഡബ്ള്യു.ഡി. പുതുതായി ഏറ്റെടുത്ത ഗ്രാമീണ റോഡുകളുടെ പ്രവർത്തനം വർഷങ്ങളായി നടക്കുന്നില്ല. അതിലേയ്ക്കാവശ്യമായ ഫണ്ട് അനുവദിക്കണം. റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനും മലയോര ഹൈവേയുടെ രണ്ടാം ഘട്ട പണി ആരംഭിക്കുന്നതിനും നബാർഡിന്റെ സഹായം ലഭ്യമാക്കണം. സാങ്കേതിക കാരണങ്ങളാൽ പണി മുടങ്ങിക്കിടക്കുന്ന റോഡുകളുടെയും പാലങ്ങളുടെയും സർവ്വേ നടത്തി അവ പൂർത്തിയാക്കാനും അപകട സാധ്യതയുള്ള പാലങ്ങളുടെ സർവ്വേ

നടത്തി അവ പുനർനിർമ്മിക്കാനും നഗരങ്ങളിൽ ബൈപ്പാസ് നിർമ്മിച്ച് ട്രാഫിക് കുരുക്ക് ഒഴിവാക്കാനും നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. റ്റി.യു. കുരുവിള) : സംസ്ഥാനത്ത് പൊതു മരാമത്ത് വകുപ്പിന് കീഴിലുള്ള ദേശീയ പാത ഉൾപ്പെടെയുള്ള റോഡുകളിൽ പലതിന്റെയും ഉപരിതലം സഞ്ചാരയോഗ്യമല്ലാതായിരിക്കുകയാണ്. പ്രസ്തുത റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ വർഷം കാലവർഷക്കെടുതിമൂലമുണ്ടായ അധിക നഷ്ടങ്ങൾക്ക് ഫണ്ട് അനുവദിച്ച് തരുന്നതിന് 35 കോടി രൂപയുടെ പ്രോജക്ട് തയ്യാറാക്കി കേന്ദ്ര മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. ടാർ ലഭിക്കുന്നതിലുള്ള കാലതാമസവും കോൺട്രാക്ടർമാർക്ക് കൊടുക്കാനുള്ള കുടിശ്ശികയും അറ്റകുറ്റപ്പണി നടത്തുന്നതിന് തടസ്സമായി നിൽക്കുകയാണ്. കോൺട്രാക്ടർമാർക്ക് കുടിശ്ശിക ഇനത്തിൽ കൊടുക്കാനുള്ള 754 കോടി രൂപയിൽ 334 കോടി രൂപ ഈ ഗവൺമെന്റ് കൊടുത്തു. പഞ്ചായത്ത് റോഡുകൾ നിയമാനുസൃതം പി.ഡബ്ള്യൂ.ഡി. ഏറ്റെടുക്കുന്നതിനുള്ള പ്രക്രിയ നടന്നുവരുന്നു. എന്നാൽ ഇതു സംബന്ധിച്ച ഉത്തരവ് ഇറക്കിയിട്ടുള്ളതല്ലാതെ 1995-ലെ പഞ്ചായത്ത് ആക്ട് പ്രകാരം പഞ്ചായത്തിൽ നിക്ഷിപ്തമായ റോഡുകൾ പി.ഡബ്ള്യൂ.ഡി. യിലേയ്ക്ക് മാറ്റാൻ ഗസറ്റ് നോട്ടിഫിക്കേഷൻ ഇറക്കിയിട്ടില്ല. നടപടികൾ പൂർത്തിയാക്കിയശേഷമേ പി.ഡബ്ള്യൂ.ഡി.ക്ക് റോഡുകൾ ഏറ്റെടുക്കാനാകൂ.

(2) ഈറ്റത്തൊഴിലാളികളുടെ പ്രശ്നങ്ങൾ

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: കേരളത്തിൽ ഈറ്റ വ്യവസായത്തെ ആശ്രയിക്കുന്ന ഒരുലക്ഷത്തിലേറെ തൊഴിലാളികൾ ഇന്ന് പട്ടിണിയിലാണ്. ശരാശരി 50 രൂപയ്ക്കും 25 രൂപയ്ക്കും താഴെ വരുമാനമാണ് അവർക്ക് കിട്ടുന്നത്. തുടർച്ചയായി പണിയെടുക്കാൻ ആവശ്യത്തിന് ഈറ്റ അവർക്ക്

ലഭിക്കുന്നില്ല. വനം വകുപ്പുമായി ചർച്ച ചെയ്ത് എല്ലാ ഫോറസ്റ്റ് റെയ്ഞ്ചിന്റെ കീഴിലും ഈറ്റ ലഭ്യമാക്കുന്നതിന് തീരുമാനിച്ചെങ്കിലും ഉത്തരവ് ഇറക്കിയിട്ടില്ല. ഈറ്റയുടെ വില 49 രൂപ ആയിരുന്നത് 80 രൂപ മുതൽ 90 രൂപ വരെയായി വർദ്ധിച്ചുവെങ്കിലും പനമ്പിന്റെ വില 34.50 രൂപയിൽനിന്നും 38 രൂപയായാണ് വർദ്ധിപ്പിച്ചത്. പനമ്പിന് അർഹമായ വില നൽകുന്നതിന് അടിയന്തിര നടപടി ഉണ്ടാകണം. ഈറ്റത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം നിലച്ചിരിക്കുകയാണ്. ബാംബൂ കോർപ്പറേഷൻ ഈ ക്ഷേമനിധിയിൽ അടയ്ക്കേണ്ട വിഹിതം അടയ്ക്കുന്നില്ല. ഈറ്റത്തൊഴി ലാളികൾക്ക് അനുവദിച്ച സൗജന്യ റേഷൻ എല്ലാ കുടുംബങ്ങൾക്കും ലഭിക്കുന്നില്ല. 18 വയസ്സ് കഴിഞ്ഞ എല്ലാ ഈറ്റത്തൊഴിലാളികളെയും ക്ഷേമ നിധിയിൽ അംഗങ്ങളാക്കാൻ നടപടി സ്വീകരിക്കണം. ബാംബൂ കോർപ്പ റേഷൻവഴി വിതരണം ചെയ്തുകൊണ്ടിരുന്ന വിദ്യാഭ്യാസ-വിവാഹ-വൈദ്യ ധനസഹായം തുടർന്നും നൽകുന്നതിന് നടപടി ഉണ്ടാകണം. തിരുവനന്ത പുരത്ത് ക്ഷേമനിധി ബോർഡിന്റെ ഓഫീസ് തുറക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം. വനം വകുപ്പുമായി ചർച്ച ചെയ്ത് ഈറ്റ തൈകൾ വച്ചുപിടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം. ഈറ്റ ശേഖരിക്കുന്നതിന് ഫോറസ്റ്റ് വകുപ്പ് നൽകിയിരുന്ന ഐഡന്റിറ്റി കാർഡിന്റെയും പാസ്സിന്റെയും വിതരണം പുനരാരംഭിക്കണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ 1971-ൽ സ്ഥാപിതമായതുമുതൽ 2001 വരെ കേരളത്തിൽ മൂന്ന് ലക്ഷത്തോളം വരുന്ന പരമ്പരാഗത ഈറ്റത്തൊഴിലാളികൾക്ക് ആവശ്യമായ ഈറ്റ നൽകുകയും സ്വകാര്യ മേഖലയിലെ ചൂഷണത്തിൽനിന്നും ഇവരെ സംരക്ഷിക്കുന്നതിന് ഒരു പരിധിവരെ സേവന-വേതന വ്യവസ്ഥകൾ

ഉറപ്പാക്കുകയും ചെയ്തിരുന്നു. സംസ്ഥാനത്തിന് ആവശ്യമായ നെയ്ത്ത് ഈറ്റയുടെ മുഴുവൻ വിതരണവും ബാംബൂ കോർപ്പറേഷനാണ് വഹിച്ചിരുന്നത്. ഈറ്റത്തൊഴിലാളികളുടെ പ്രതിദിന വരുമാനം 100 രൂപയ്ക്ക് താഴെയും പനമ്പ് നെയ്ത്ത് തൊഴിലാളികളുടേത് 40 രൂപയ്ക്ക് താഴെയും മറ്റ് വിഭാഗത്തിലുള്ളവരുടേത് ഏകദേശം 50 രൂപയുമാണ്. ഈ തൊഴിലിൽ നിന്നും ലഭിക്കുന്ന വരുമാനം തുലോം കുറവായതിനാലും തുടർച്ചയായി തൊഴിൽ ചെയ്യാൻ കഴിയാത്തതിനാലും മറ്റ് തൊഴിൽ സാധ്യതകളുള്ളവർ ഈ തൊഴിൽ ഉപേക്ഷിക്കുകയാണ്. കേരളത്തിൽ 92 യൂണിറ്റുകൾവഴിയാണ് ഈറ്റ നൽകുന്നത്. പരമ്പരാഗത തൊഴിലാളികൾ ഈറ്റകൊണ്ട് ഉൽപ്പാദിപ്പിക്കുന്ന കുട്ട, വട്ടി, മുറം മുതലായവ സംസ്ഥാനത്തിനകത്തുള്ള പതിനഞ്ചോളം വിതരണ കേന്ദ്രങ്ങൾ, ഹരിജൻ സൊസൈറ്റികൾ, എസ്.എസ്.ഐ. യൂണിറ്റുകൾ എന്നിവ വഴി അവർതന്നെ വിൽക്കുകയാണ് ചെയ്യുന്നത്. എന്നാൽ പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെയും വടക്കുകിഴക്ക് സംസ്ഥാനങ്ങളിലുള്ള മുളകൊണ്ടുള്ള പനമ്പിന്റെയും വരവ് കേരളത്തിലെ പരമ്പരാഗത ഉൽപ്പന്നങ്ങളുടെ വിപണന സാധ്യതയെ ബാധിച്ചിരിക്കുകയാണ്. ഹിന്ദുസ്ഥാൻ പേപ്പർ മില്ലിനുവേണ്ടി വൻതോതിൽ ഈറ്റ ശേഖരിക്കുന്നതു മൂലം ഈറ്റയുടെ ലഭ്യത കുറവും നടപടിക്രമങ്ങളിലെ കാലതാമസവും കാരണം സമയാസമയങ്ങളിൽ ഈറ്റ ശേഖരിച്ച് വിപണനം നടത്താൻ സാധിച്ചിട്ടില്ല. ബാംബൂ കോർപ്പറേഷൻ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിലെ പ്രതിസന്ധിമൂലം 2005 വരെ ഈറ്റത്തൊഴിലാളികൾക്ക് മുഴുവൻ സമയങ്ങളിലും തൊഴിൽ നൽകാൻ സാധിച്ചിട്ടില്ല. ബാബൂ കോർപ്പറേഷനു മാത്രമായി ഈറ്റ കൂപ്പുകൾ അനുവദിക്കുന്നതിനു സർക്കാർ വനം വകുപ്പുമായി ചില ക്രമീകരണങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. കഴിഞ്ഞ ഒരു വർഷമായി

കോർപ്പറേഷൻ ഉൽപ്പന്നമായ ബാംബൂ പ്ലൈയ്ക്കും പ്ളേറ്റിനും പനമ്പിനും ഡിമാന്റ് വർദ്ധിച്ചിട്ടുണ്ട്. നാഷണൽ ബാംബൂ മിഷൻ വഴി പനമ്പ് അടിസ്ഥാന മാക്കി കോറിയേറ്റഡ് റൂഫിംഗ് ഷീറ്റ് നിർമ്മിക്കുന്നതിന് 160 ലക്ഷം രൂപ കോർപ്പറേഷന് ഗ്രാന്റായി ലഭിച്ചിട്ടുണ്ട്. വൈവിദ്ധ്യവൽക്കരണ നടപടികൾ പുരോഗമിച്ചുവരികയാണ്. മുൻകാലങ്ങളിലെപ്പോലെ തൊഴിലാളികൾക്ക് വിവിധ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് കോർപ്പറേഷന്റെ തനതായ ക്ഷേമനിധി പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പ്രത്യേക അവസരത്തിൽ തൊഴിലാളികൾക്ക് നൽകിക്കൊണ്ടിരുന്ന സൗജന്യ റേഷൻ തുടർന്നും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ഈറ്റയുടെയും പനമ്പിന്റെയും വില വ്യത്യാസം ഗവൺമെന്റ് പരിശോധിക്കുന്നതാണ്. ബാംബൂ കോർപ്പറേഷന്റെ വിഹിതം ക്ഷേമനിധിയിലേയ്ക്ക് അടയ്ക്കുന്നതിന് നടപടി സ്വീകരിക്കും.

**റൂൾ 300 അനുസരിച്ചുളള പ്രസ്താവന**

<u>മാലിന്യവിമുക്തകേരളം എന്ന ലക്ഷ്യം നേടുന്നത് സംബന്ധിച്ച്</u>

മുഖ്യമന്ത്രി (ശ്രീ.വി.എസ്. അച്ചുതാനന്ദൻ): ചിക്കുൻ ഗുനിയ രോഗം തടയുന്നതിനുളള യുദ്ധകാലാടിസ്ഥാനത്തിലുളള നടപടികളെപ്പറ്റി ചർച്ച ചെയ്യാൻ ഇന്നലെ സർവ്വകക്ഷിയോഗം ചേരുകയുണ്ടായി. ഭരണ പക്ഷത്തെയും പ്രതിപക്ഷത്തെയും എല്ലാ പാർട്ടികളുടെയും നേതാക്കൾ യോഗത്തിൽ പങ്കെടുത്തു. മാലിന്യ വിമുക്ത കേരളം എന്ന ലക്ഷ്യം നേടാൻ ഒത്തൊരുമിച്ച പ്രവർത്തനം ആവശ്യമാണെന്ന് യോഗം തീരുമാനിച്ചു. ഒക്ടോബർ 13-ന് കേരളത്തിലുടനീളം പരിസര ശുചീകരണവും കൊതുക് നശീകരണവും നടത്തണമെന്ന് തീരുമാനിച്ചു. പ്രവർത്തനങ്ങൾക്കായി ഒരു കോടി രൂപ അനുവദിക്കാൻ ഇന്നലെ ചേർന്ന മന്ത്രിസഭായോഗം

തീരുമാനിച്ചിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾ ഈ പ്രവർത്തനത്തിന് കാൽ ലക്ഷം രൂപ വരെ വിനിയോഗിക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി നേതൃത്വം നൽകും. ജില്ലാതലത്തിൽ 7-ാം തീയതിയും പഞ്ചായത്ത് മുനിസിപ്പൽ തലത്തിൽ 9-ാം തീയതിയും സർവ്വകക്ഷിയോഗം ചേരും. 10-ാം തീയതി വാർഡ് തലത്തിൽ യോഗം ചേർന്ന് കാര്യങ്ങൾ തീരുമാനിക്കണം. 11, 12 തീയതികളിൽ പ്രചരണത്തിനായി വിനിയോഗിക്കണം. 13-ന് സംസ്ഥാനത്തെ മുഴുവൻ ആളുകളും പങ്കാളികളായിക്കൊണ്ട് ശുചീ കരണവും കൊതുക് നശീകരണവും നടത്തണം. ഈ പ്രവർത്തനങ്ങൾക്ക് എം.എൽ.എ.മാർ അതാത് മണ്ഡലത്തിൽ നേതൃത്വപരമായ പങ്ക് വഹിക്കണം. ആരോഗ്യ വകുപ്പിൽ നാന്നൂറോളം ഡോക്ടർമാരുടെ തസ്തിക ഒഴിഞ്ഞു കിടക്കുകയാണ്. മുന്നൂറിൽപ്പരം ഹെൽത്ത് ഇൻസ്പെക്ടർമാർ ഇല്ല. നഴ്സുമാർ, അറ്റൻഡർമാർ, സ്വീപ്പർമാർ എന്നിവരടക്കം നാലായിരത്തോളം ഒഴിവുണ്ടെന്നാണ് വിവരം. അത് മുഴുവൻ അടിയന്തിരമായി നികത്താൻ തീരുമാനിച്ചിട്ടുണ്ട്. വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കും. പ്ളാസ്റ്റിക് മാലിന്യ പ്രശ്നം രൂക്ഷമാവുകയാണ്. മുപ്പത് മൈക്രോണിൽ താഴെയുള്ള പ്ളാസ്റ്റിക് ക്യാരിബാഗ് നിരോധിക്കാൻ സർക്കാർ നടപടി സ്വീകരിക്കും. പ്ളാസ്റ്റിക് ക്യാരിബാഗിന് പകരം പേപ്പർ, തുണി, ചണസഞ്ചികൾ എന്നിവ ഉപയോഗി ക്കാൻ പ്രചരണം നൽകണം.

<u>ശ്രീ. കെ.എം. മാണി</u>: ചിക്കുൻ ഗുനിയ രോഗം തടയാനായി സംസ്ഥാന വ്യാപകമായി ശ്രദ്ധേയമായ ചില പരിപാടികൾ നടപ്പാക്കുന്നതിനെക്കുറിച്ചുള്ള പ്രസ്താവനകൾ പ്രഖ്യാപിച്ച അവസരത്തിൽ, രാജ്യത്തെങ്ങും ചിക്കുൻ

ഗുനിയ രോഗംമൂലം മരണമുണ്ടായിട്ടില്ലെന്ന കേന്ദ്ര ആരോഗ്യ വകുപ്പു മന്ത്രി ഡോ.അൻപുമണി രാംദാസ് നടത്തിയ പ്രസ്താവന സംസ്ഥാന ഗവണ്മെന്റിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണോയെന്ന് വ്യക്തമാക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): കേന്ദ്രത്തിൽനിന്ന് വിദഗ്ദ്ധ സംഘം സംസ്ഥാനത്ത് എത്തിയെങ്കിലും ഇതുവരെ പരിശോധന ആരംഭിച്ചിട്ടില്ല. ഈ സന്ദർഭത്തിൽ ജനങ്ങളെ ഭീതിയിലാക്കുന്ന ഇത്തരം പ്രസ്താവന നടത്തുന്ന മന്ത്രിമാരെ നിയന്ത്രിക്കണമെന്ന നിലയിൽ പ്രധാനമന്ത്രിയെ വിവരം അറിയിക്കാം.

ശ്രീ. കെ.സി. ജോസഫ്: റൂൾ 300 അനുസരിച്ചുള്ള പ്രസ്താവന ഇന്നും ഇന്നലെയും മുഖ്യമന്ത്രി നടത്തിയെങ്കിലും അംഗങ്ങൾക്ക് അതിന്റെ കോപ്പി വിതരണം ചെയ്തിട്ടില്ല.

മി. സ്പീക്കർ: കോപ്പി ലഭിക്കാനുള്ള അവസരമുണ്ടാക്കാം.

**സബ്മിഷൻ**

(1) പാഠ്യപദ്ധതിയിൽ മാതൃഭാഷാ പഠനത്തിന്റെ പ്രാധാന്യം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: വൈകാരിക ഉദ്ഗ്രഥനം വഴി ദേശീയ ഉദ്ഗ്രഥനം സാധ്യമാക്കാനായി ഭാഷാടിസ്ഥാനത്തിൽ കേരളം രൂപീകരിച്ച് ഭരണഭാഷ മാതൃഭാഷയാക്കാൻ തീരുമാനിക്കുകയും അതിന്റെ പ്രവർത്തന പുരോഗതി പരിശോധിക്കാൻ നിയമസഭാ സമിതിയെ നിയോഗിക്കുകയും ചെയ്തുവെങ്കിലും പാഠ്യപദ്ധതിയിൽ മലയാളത്തിന്റെ സ്ഥാനം കുറഞ്ഞു വരികയാണ്. മലയാളത്തെ ഒന്നാം ഭാഷയാക്കാനും പ്രൈമറി തലത്തിൽ ബോധനഭാഷ മലയാളമാക്കാനും ഭാഷാസ്നേഹം വഴി രാജ്യസ്നേഹം വളർത്താനും മലയാളത്തിന്റെ പരിപോഷണത്തിനായി മലയാള സർവ്വകലാശാല സ്ഥാപിക്കാനും ഗവണ്മെന്റ് നടപടികൾ സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): പത്താം ക്ളാസ്സ് വരെയുള്ള വിദ്യാഭ്യാസത്തിൽ മലയാളം മാതൃഭാഷയായി പഠിക്കണമെന്നുണ്ട്. കൂടാതെ, തമിഴ്, കന്നഡ തുടങ്ങിയ ഭാഷാ ന്യൂനപക്ഷങ്ങൾ ഉൾപ്പെടെയുള്ളവർക്ക് അവരവരുടെ മാതൃഭാഷയിൽ വിദ്യാഭ്യാസം നടത്താനുള്ള സൗകര്യവും സംസ്ഥാനത്ത് ഇപ്പോൾ ഏർപ്പെടുത്തിയിട്ടുണ്ട്. പത്താം ക്ളാസ്സിനുശേഷം രണ്ടാം ഭാഷയായി മലയാളം പഠിക്കാനുള്ള ക്രമീകരണമാണ് ഇപ്പോഴുള്ളത്. ഒന്നാം ഭാഷയായി മലയാളം അംഗീകരിക്കപ്പെടാനുള്ള മാറ്റം ഏത് തരത്തിൽ നടപ്പിലാക്കാൻ കഴിയുമെന്ന് ഗവൺമെന്റ് ഗൗരവമായി പരിശോധിക്കും. മലയാള ഭാഷ എല്ലാ തലത്തിലും പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഫയലുകൾ മലയാളത്തിലെഴുതുന്ന സമ്പ്രദായം സ്വീകരിക്കുന്നതാണ്. മലയാള ഭാഷയെ പ്രോൽസാഹിപ്പിക്കാൻ കഴിയുന്ന വിധത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കും. മലയാള സർവ്വകലാശാല സ്ഥാപിക്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പുമായി ചർച്ച ചെയ്ത് തീരുമാനമെടുക്കേണ്ടതാണ്.

(2) കോട്ടയം ടെക്സ്റ്റൈൽസിലെ സമരം.

ശ്രീ. പി.സി. ജോർജ്: കോട്ടയം ടെക്സ്റ്റൈൽസിലെ മലയാളികളായ താൽക്കാലിക തൊഴിലാളികളെ രാത്രിയിൽ പണിയെടുപ്പിച്ചിട്ട് തമിഴ്നാട്ടിൽ നിന്നുള്ള തൊഴിലാളികളെ ഫാക്ടറി കോംപൗണ്ടിൽ താമസിപ്പിച്ച് അവരെക്കൊണ്ട് പകൽ പണിയെടുപ്പിക്കുന്നതിന്റെ ഫലമായി സംസ്ഥാനത്തെ തൊഴിലാളികൾക്ക് തൊഴിലവസരങ്ങൾ നഷ്ടപ്പെടുന്ന സ്ഥിതിയാണുള്ളത്. കഴിഞ്ഞ 15 വർഷത്തിനിടയിൽ ഒരു തൊഴിലാളിയെയും സ്ഥിരപ്പെടുത്തി യിട്ടില്ല. ലാഭകരമായി പോകുന്ന കോട്ടയം ടെക്സ്റ്റൈൽസിൽ തൊഴിലാളി വിരുദ്ധ നടപടികളുമായിട്ടാണ് മാനേജ്മെന്റ് പോകുന്നത്. രണ്ടു പ്രാവശ്യം

ഡി.എൽ.ഒ.-യുടെ നേതൃത്വത്തിൽ കോൺഫറൻസ് കൂടിയിട്ടും പ്രശ്നം ഒത്തുതീർപ്പാകാത്ത സാഹചര്യത്തിൽ തൊഴിൽ വകുപ്പുമന്ത്രി ഇടപെട്ട് ഇക്കാര്യത്തിൽ ഒരു തീരുമാനമുണ്ടാക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): കോട്ടയം ടെക്സ്റ്റൈൽസിലെ തൊഴിലാളികളെ സ്ഥിരപ്പെടുത്തുക, മിനിമം വേതനം നടപ്പിലാക്കുക, കാഷ്വൽ ജീവനക്കാർക്ക് ഓണം അഡ്വാൻസ് നൽകുക, രാത്രികാലങ്ങളിൽ ജോലി ചെയ്യുന്ന കാഷ്വൽ തൊഴിലാളികൾക്ക് ഒന്നാം ഷിഫ്റ്റിലും ജോലി നൽകുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് കോട്ടയം ടെക്സ്റ്റൈൽസിലെ കാഷ്വൽ വർക്കേഴ്സ് യൂണിയൻ കോട്ടയം ജില്ലാ കളക്ടർക്ക് നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ കോട്ടയം ജില്ലാ ലേബർ ഓഫീസർ പ്രസ്തുത വിഷയത്തിൽ ഇടപെട്ട് മൂന്ന് പ്രാവശ്യം ചർച്ച നടത്തിയെങ്കിലും മാനേജ്മെന്റ് അനുകൂല നിലപാട് സ്വീകരിക്കുക യുണ്ടായില്ല. ചർച്ചയിൽ ഒത്തുതീർപ്പുണ്ടാകാത്ത സാഹചര്യത്തിൽ 2-9-06-ന് തൊഴിലാളികൾ സൂചനാപണിമുടക്ക് നടത്തി. തുടർന്ന് 15-9-06-ന് അനിശ്ചിതകാലസമരം ആരംഭിച്ചു. ജില്ലാ ലേബർ ഓഫീസർ ഇടപെട്ട് രണ്ട് പ്രാവശ്യം ചർച്ച നടത്തി. ഈ മാസം 7-ാം തീയതി എം.ഡി. സ്ഥാപനം സന്ദർശിക്കുമ്പോൾ യൂണിയന്റെ ഡിമാന്റുകൾ അവതരിപ്പിക്കാനുള്ള അവസരമുണ്ടാക്കുമെന്ന 3-10-06-ലെ ചർച്ചയിലെ നിർദ്ദേശം യൂണിയൻ അംഗീകരിച്ചിട്ടുണ്ട്. 9-10-06-ലെ ചർച്ചയിൽ പ്രശ്നങ്ങൾ തീർന്നില്ലെങ്കിൽ തൊഴിൽ വകുപ്പുമന്ത്രി ഇടപെട്ട് പ്രശ്നത്തിന് പരിഹാരമുണ്ടാക്കുന്നതാണ്.

(3) കശുവണ്ടി വ്യവസായ മേഖലയിലെ പ്രതിസന്ധി

ശ്രീ. ബി. രാഘവൻ: കശുവണ്ടി വ്യവസായ മേഖലയിൽ പ്രഖ്യാപി ച്ചിട്ടുള്ള മിനിമം കൂലി നടപ്പാക്കാൻ മാനേജ്മെന്റുകൾ തയ്യാറാകാത്ത

സാഹചര്യത്തിൽ ട്രേഡ് യൂണിയനുകളുമായും മാനേജ്മെന്റുമായും സമവായമുണ്ടാക്കി പുതുക്കി നിശ്ചയിച്ച കൂലി വ്യവസ്ഥ നടപ്പാക്കാനും വർഷങ്ങളായി അടഞ്ഞുകിടക്കുന്ന കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കാനും മാനേജ്മെന്റുകൾക്ക് നിർദ്ദേശം നൽകണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ): 1999 ജനുവരി 1-ന് പുതുക്കി നിശ്ചയിച്ച കശുവണ്ടിത്തൊഴിലാളികളുടെ കൂലി വീണ്ടും പുതുക്കി നിശ്ചയിക്കേണ്ടത് 2004-ലാണ്. 2005 ജൂലായ് മാസം 7-ാം തീയതി തൊഴിൽ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ കൂലി പുതുക്കി നിശ്ചയിക്കാനുള്ള നടപടികൾ ആരംഭിച്ചുവെങ്കിലും അത് പൂർത്തീകരിച്ചിട്ടില്ല. മിനിമം വേജസ് അഡ്വൈസറി ബോർഡിന്റെ ശുപാർശ ഗവണ്മെന്റിന് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ മാസം ഇൻഡസ്ട്രിയൽ ലെയ്സൺ കമ്മിറ്റി വിളിച്ചുകൂട്ടി പരിശോധിച്ച് തീരുമാനങ്ങളെടുക്കാമെന്ന് തൊഴിലാളി സംഘടനകൾക്ക് ഗവണ്മെന്റ് ഉറപ്പുകൊടുത്തിട്ടുണ്ട്. ഈ ഗവണ്മെന്റ് 15 കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുകയും 14953 തൊഴിലാളികൾക്ക് ജോലി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. അടഞ്ഞു കിടക്കുന്ന മറ്റ് ഫാക്ടറികൾ തുറന്നുപ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിക്കുന്നതോടൊപ്പം ഫാക്ടറികളുടെ ഏറ്റെടുക്കൽ നടപടികൾക്കായി ആവശ്യമായിട്ടുള്ള നിയമനിർമ്മാണം, സാമ്പത്തികം തുടങ്ങിയവയെക്കുറിച്ച് ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്.

(4) മാവേലിക്കരയിൽ നടപ്പിലാക്കിയ 'സഡക് യോജന'

ശ്രീ. എം. മുരളി: 2003-04-ൽ മാവേലിക്കര വികസന ബ്ലോക്കിലും 2004-05-ൽ ഭരണിക്കാവ് വികസന ബ്ലോക്കിലും അനുവദിച്ച പ്രധാനമന്ത്രി

യുടെ സഡക് യോജന പ്രകാരമുള്ള നിർമ്മാണ ജോലികൾ ഉദ്യോഗസ്ഥരുടെ ഗുരുതരമായ കൃത്യവിലോപംമൂലം മന്ദഗതിയിലാണ്. ജനപ്രതിനിധികളുടെ കമ്മിറ്റി രൂപീകരിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): മാവേലിക്കര വികസന ബ്ലോക്കിലെ തഴക്കര ഗ്രാമപഞ്ചായത്തിൽ മൂന്നും ചെട്ടികുളങ്ങര-ചെന്നിത്തല പഞ്ചായത്തുകളിൽ രണ്ടുവീതവും റോഡുകളാണ് പ്രധാനമന്ത്രിയുടെ സഡക് യോജനയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇവിടെ സ്ഥലലഭ്യത സംബന്ധിച്ച പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. മഴമൂലം സ്തംഭനാവസ്ഥയിലായിരുന്ന പണി സെപ്റ്റംബർ 29-ാം തീയതി പുനരാരംഭിച്ചിട്ടുണ്ട്. ഭരണിക്കാവ് പദ്ധതിക്ക് സമർപ്പിച്ച പുതുക്കിയ എസ്റ്റിമേറ്റിന് 28-7-2006-ൽ കേന്ദ്രാനുമതി ലഭിക്കുകയും 20-9-2006-ൽ ടെന്റർ നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് കമ്മിറ്റി രൂപീകരിക്കുന്ന കാര്യം ആലോചിക്കാവുന്നതാണ്.

## (5) വെട്ടിയതോട് പാലത്തിന്റെ പുനർനിർമ്മാണം

ശ്രീ. കോവൂർ കുഞ്ഞുമോൻ: 95 വർഷം പഴക്കമുള്ള പടിഞ്ഞാറേ കല്ലടയിലെ വെട്ടിയതോട് പാലം അപകടസ്ഥിതിയിലാണ്. പാലത്തിന്റെ അടിവശത്തെ കോൺക്രീറ്റ് അടർന്നുവീണുകൊണ്ടിരിക്കുന്നു. വാഹനങ്ങൾ കടന്നുപോകുമ്പോൾ പാലം കുലുങ്ങുന്നതായി അനുഭവപ്പെടുന്നു. വൻ ദുരന്തം ഒഴിവാക്കുന്നതിന് ഈ പാലം പുനർനിർമ്മിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. റ്റി.യു. കുരുവിള): കൊല്ലം ജില്ലയിലെ കരാലിൻമുക്ക്-വളഞ്ഞവരമ്പ് റോഡിലെ കല്ലടയാറിന് കുറുകെയുള്ള വെട്ടിയതോട് പാലം വീതി കുറഞ്ഞതും പഴക്കമുള്ളതുമാണെങ്കിലും ഇപ്പോൾ സാമാന്യം സഞ്ചാരയോഗ്യമാണ്. പാലത്തിന്റെ നിർമ്മാണത്തിനായി 200 ലക്ഷം രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കി നബാർഡിന് സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് പണി ഏറ്റെടുത്ത് നടത്തുന്നതാണ്.

(6) കാട്ടുമൃഗങ്ങളുടെ ആക്രമണം

ശ്രീ. റോഷി അഗസ്റ്റിൻ: ഇടുക്കി നിയോജകമണ്ഡലത്തിലെ കഞ്ഞിക്കുഴി പഞ്ചായത്തിൽ മക്കുവള്ളി, മനയത്തടം, കൈതപ്പാറ, ഈഞ്ചപ്പാറ, വെണ്മണി എന്നീ പ്രദേശങ്ങളിൽ കാട്ടാനയുടേയും കാട്ടുപോത്തിന്റേയും ആക്രമണംമൂലം കർഷകർ ഏറെ ദുരിതമനുഭവിക്കുകയാണ്. വനത്താൽ ചുറ്റപ്പെട്ട ഈ പ്രദേശത്ത് താമസിക്കുന്ന 1500-ൽപ്പരം കുടുംബങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒന്നുംതന്നെ എത്തിക്കാൻ സാധിച്ചിട്ടില്ല. ഈ കർഷകരെ സംരക്ഷിക്കുന്നതിനും കാട്ടുമൃഗങ്ങളുടെ ശല്യംമൂലം കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകുന്നതിനും നടപടി സ്വീകരിക്കണം. അതോടൊപ്പം ബഹുമാനപ്പെട്ട മന്ത്രി ഈ സ്ഥലം സന്ദർശിക്കണം.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ.ബിനോയ് വിശ്വം): മക്കുവള്ളിയിലും ഈഞ്ചപ്പാറയിലുമുള്ള വനമേഖലകളിലെ കർഷകർ കാട്ടുമൃഗങ്ങളുടെ ശല്യംമൂലം ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. ഈഞ്ചപ്പാറയിൽ കൃഷിനാശം സംഭവിച്ചവർക്ക് അർഹതപ്പെട്ട നഷ്ടപരിഹാരം കൊടുക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്. കിടങ്ങുകൾ കുഴിക്കുന്നതിനും

ഫെൻസിംഗിനും പഞ്ചായത്തുകൾ ചെലവാക്കുന്ന അത്രയും തുക ചെലവഴിക്കാൻ ഗവൺമെന്റും  തയ്യാറാണ്. ആ പ്രദേശം സന്ദർശിക്കാനും തയ്യാറാണ്.

(7) കൊട്ടാരക്കര തമ്പുരാൻ ക്ളാസ്സിക്കൽ മ്യൂസിയം സംരക്ഷിക്കേണ്ടത് സംബന്ധിച്ച്

ശ്രീമതി പി. അയിഷാ പോറ്റി: കൊല്ലം ജില്ലയിലെ കൊട്ടാരക്കര തമ്പുരാൻ ക്ളാസ്സിക്കൽ മ്യൂസിയത്തിന് സ്വന്തമായി കെട്ടിടവും സ്ഥലവുമില്ല. ശിൽപ്പങ്ങളും കഥകളി മുദ്രകളും കൂട്ടിവച്ചിരിക്കുകയാണ്.  ഈ വിഷയം ഗവൺമെന്റിനെ ബോദ്ധ്യപ്പെടുത്തിയിട്ടുളളതാണ്.  കേരളപ്പിറവിയുടെ 50-ാം വാർഷികം ആഘോഷിക്കുന്ന വേളയിൽ സൗകര്യപ്രദമായ ഒരു സർക്കാർ കെട്ടിടത്തിലേയ്ക്ക് ഈ മ്യൂസിയം മാറ്റിസ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): കൊട്ടാരക്കര തമ്പുരാൻ ക്ളാസ്സിക്കൽ മ്യൂസിയം 23 വർഷമായി വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുകയാണ്. കേരളപ്പിറവിയുടെ 50-ാം വാർഷികം ആഘോഷിക്കുന്നതിന്റെ  ഭാഗമായി വളരെ പെട്ടെന്ന് ഗവൺമെന്റ് ഉടമസ്ഥതയിലുളള ഒരു കെട്ടിടം കണ്ടെത്തി ഈ മ്യൂസിയം അവിടേയ്ക്ക് മാറ്റുന്നതാണ്.

(8) വനിതാ സെല്ലുകളുടെ പ്രവർത്തനം

ശ്രീമതി ജെ. അരുന്ധതി: വനിതാസെല്ലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കി സ്ത്രീ പീഡന കേസ്സുകൾക്ക് പരിഹാരം കാണുകയും വനിതാ പോലീസ് സ്റ്റേഷനുകളിൽ ജോലി ചെയ്യുന്നവർക്ക്  ആവശ്യമായ ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സംസ്ഥാനത്തെ വനിതാ സെല്ലുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. ജില്ലാ വനിതാ സെല്ലുകളിൽ ഒരു വനിതാ സി.ഐ., 2 വനിതാ എസ്.ഐ.മാർ, ഒരു വനിതാ എച്ച്. സി., 4 പി.സി. മാർ എന്നീ തസ്തികകളാണുള്ളത്. വനിതാ സെല്ലുകൾ ക്രൈം ഡിറ്റാച്ച്മെന്റ് ഡിവൈ.എസ്.പി.യുടെ കീഴിലാണ് പ്രവർത്തിക്കുന്നത്. സെല്ലിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. തൃശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിൽ വനിതാ സെല്ലുകളോടനുബന്ധിച്ച് വനിതാ കൺട്രോൾ റൂം പ്രവർത്തിക്കുന്നുണ്ട്. സ്ത്രീകളെയും കുട്ടികളെയും സംബന്ധിക്കുന്ന പരാതികൾ അപ്പപ്പോൾ അന്വേഷിച്ച് പരിഹാരം നൽകാൻ വനിതാ കൺട്രോൾ റൂമിന്റെ സേവനം ലഭ്യമാക്കാവുന്നതാണ്. സാമൂഹ്യ പ്രവർത്തകരായ വ്യക്തികളുടെ സേവനം വനിതാ സെല്ലുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ പ്രയോജനപ്പെടുത്താവുന്നതാണ്. എല്ലാ ജില്ലാ പോലീസ് സൂപ്രണ്ടുമാരും 3 മാസത്തിലൊരിക്കൽ സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി സാമൂഹ്യ പ്രവർത്തകരെ ഉൾക്കൊള്ളിച്ച് മീറ്റിംഗ് വിളിക്കണമെന്നും വനിതാ സെല്ലിന്റെ പ്രവർത്തനം വിലയിരുത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും വനിതാ കൺട്രോൾ റൂം പ്രാവർത്തികമാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

(9) തിരുനെല്ലൂർ മഹാദേവ ക്ഷേത്രത്തിൽ നടന്ന മോഷണം

ശ്രീ. വി. ഡി. സതീശൻ: തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള പറവൂർ സബ് ഗ്രൂപ്പിൽപ്പെട്ട തിരുനെല്ലൂർ മഹാദേവ ക്ഷേത്രത്തിൽനിന്ന് ആഗസ്റ്റ് 10-ാം തീയതി ലക്ഷക്കണക്കിന് രൂപ വിലപിടിപ്പുള്ള

തിരുവാഭരണവും 800 വർഷം പഴക്കമുള്ള വിലമതിക്കാനാകാത്ത തിടമ്പും നഷ്ടപ്പെടുകയുണ്ടായി. പരിചയമുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് അന്വേഷണം നടത്താൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ആലുവ ബിനാനിപുരം തിരുനെല്ലൂർ മഹാദേവ ക്ഷേത്രത്തിൽ 10-08-2006-നു നടന്ന മോഷണത്തെക്കുറിച്ചുള്ള അന്വേഷണ ത്തിൽ തെളിവുകളൊന്നും ലഭിക്കാത്തതിനാൽ പ്രസ്തുത കേസ് പോലീസിന്റെ ഒരു സ്പെഷ്യൽ ടീമിനെക്കൊണ്ട് അന്വേഷിപ്പിക്കുന്നതാണ്.

(10) കളമശ്ശേരിയിലെ എച്ച്.എം.ടി. നേരിടുന്ന പ്രതിസന്ധി

ശ്രീ എ.എം. യൂസഫ്: കളമശ്ശേരിയിലെ പൊതുമേഖലാ വ്യവസായ സ്ഥാപനമായ എച്ച്.എം.ടി. രൂക്ഷമായ പ്രതിസന്ധി നേരിടുകയാണ്. 3476 തൊഴിലാളികളുണ്ടായിരുന്ന സ്ഥാപനത്തിൽ ഇപ്പോൾ 712 തൊഴിലാളികൾ മാത്രമേയുള്ളൂ. കാഷ്വൽ ജീവനക്കാർക്ക് ഇ.എസ്.ഐ., പി.എഫ്. തുടങ്ങിയ ആനുകൂല്യങ്ങൾ ഒന്നുമില്ല. കിൻഫ്രയ്ക്കും മെഡിക്കൽ കോളേജിനും മറ്റുമായി കൊടുത്തതിന്റെ ബാക്കി സ്ഥലം സ്വന്തമായി കൈകാര്യം ചെയ്യാനുള്ള ഒരു നിർദ്ദേശമുണ്ടായിരുന്നു. ഇപ്പോൾ ഈ സ്ഥാപനം 100 ഏക്കർ സ്ഥലം വിൽപ്പനയ്ക്കുദ്ദേശിക്കുന്നുണ്ട്. വിൽപന നടത്തുന്നതിലൂടെ ലഭിക്കുന്ന ലാഭം എച്ച്.എം.ടി.യുടെ വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുമെന്ന് പറയുന്നുണ്ടെങ്കിലും ഇതിനു മുൻപ് വിൽപന നടത്തി ലഭിച്ച തുക മറ്റ് സംസ്ഥാനങ്ങളിലെ ബ്രാഞ്ചുകൾക്ക് വേണ്ടിയാണ് ചെലവഴിച്ചത്. കേന്ദ്ര സർക്കാരിന്റെ മുൻപിൽ ശക്തമായ സമ്മർദ്ദം ചെലുത്തി ഈ സ്ഥലവിൽപന ഒഴിവാക്കാനും നഷ്ടത്തിൽ പ്രവർത്തിക്കുന്ന

സ്ഥാപനത്തെ ലാഭത്തിലാക്കാനും അതിലൂടെ അവിടത്തെ തൊഴിലാളികളെ സംരക്ഷിക്കാനുമുള്ള നടപടികൾ സ്വീകരിക്കണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): ലെയ്ത്ത് മെഷീൻ, ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീൻ, കട്ടിംഗ് മെഷീൻ തുടങ്ങിയവ നിർമ്മിച്ച് വിൽക്കുന്ന കളമശ്ശേരിയിലെ എച്ച്.എം.ടി. പ്രതിസന്ധി നേരിടുകയാണ്. 10 കോടിയോളം രൂപയാണ് എച്ച്.എം.ടി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് നികുതിയിനത്തിൽ നൽകിവരുന്നത്. ഇപ്പോൾ പ്രവർത്തന മൂലധന ദൗർലഭ്യം ഉണ്ട്. പല സ്ഥാപനങ്ങളിലേയ്ക്ക് ഉൽപ്പന്നങ്ങൾ നൽകിയ വകയിൽ തുക ലഭ്യമാകുന്നതിൽ താമസം നേരിടുന്നുണ്ട്. വൈദ്യുതി ചാർജിനത്തിൽ പലിശയുൾപ്പെടെ കെ.എസ്.ഇ.ബി.ക്ക് ഈ സ്ഥാപനം നല്ലൊരു തുക നൽകേണ്ടതുണ്ട്. ഇതിന്റെ ഭൂമി കയ്യേറ്റ ഭീഷണിയിലാണ്. കഴിഞ്ഞ കുറച്ചു ദിവസങ്ങളായി കോൺട്രാക്ട് തൊഴിലാളികൾ സമരത്തിലാണ്. നഷ്ടത്തിൽ നിന്ന് കരകയറ്റി എച്ച്.എം.ടി.യെ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(11) കെ.എസ്.യു. പ്രവർത്തകനെ എസ്കോർട്ട് വാഹനം ഇടിച്ച സംഭവം

ശ്രീ. ബി. ബാബു പ്രസാദ്: 3-10-2006-ന് ഹരിപ്പാട് കോൺഗ്രസ്സ് ഭവന്റെ ഉൽഘാടനത്തോടനുബന്ധിച്ച് അവിടെ തടിച്ചുകൂടിയ കോൺഗ്രസ് പ്രവർത്തകരുടെ ഇടയിലേയ്ക്ക് ഇരച്ചുകയറിയ ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിയുടെ എസ്കോർട്ട് കാർ ഇടിച്ച് കെ.എസ്.യു. സംസ്ഥാന ഭാരവാഹിയായ ശ്രീ. സാജു മട്ടത്തിന്റെ കാലൊടിഞ്ഞ് പരിക്കുകളോടെ ഹരിപ്പാട് ഗവൺമെന്റ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. മാരകമായി പരിക്കേറ്റ ശ്രീ. സാജുവിനെ ആശുപത്രിയിലേയ്ക്ക് കൊണ്ടുപോവുക യായിരുന്ന കോൺഗ്രസ് പ്രവർത്തകരെ മന്ത്രിയെ സംരക്ഷിക്കാൻ വന്ന

ഡി.വൈ.എഫ്.ഐ. പ്രവർത്തകർ മർദ്ദിച്ച് പരിക്കേൽപ്പിക്കുകയുണ്ടായി. സമ്മേളനത്തിന് അനുമതി നൽകിയ വിവരം പോലീസ് ആരോഗ്യ വകുപ്പു മന്ത്രിയെ അറിയിച്ചിട്ടില്ലെന്നാണറിയുന്നത്. ഈ സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ചിക്കുൻ ഗുനിയ ബാധിച്ച് ചികിൽസയിൽ കഴിയുന്ന രോഗികളെ സന്ദർശിക്കാൻ 3–10–2006–ന് ഹരിപ്പാട് ആശുപത്രിയിൽ എത്തിയ ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിയെ ഹരിപ്പാട് ബ്ളോക്ക് കോൺഗ്രസ് ഭവന്റെ ഉൽഘാടനത്തിൽ പങ്കെടുക്കാൻ വന്ന കോൺഗ്രസ് പ്രവർത്തകർ ആശുപത്രി കോമ്പൗണ്ടിനുള്ളിൽവച്ച് മന്ത്രിയുടെ എസ്ക്കോർട്ട് വാഹനത്തിനു മുന്നിൽ ചാടിയപ്പോൾ അതിലുണ്ടായിരുന്ന ശ്രീ. സജിയുടെ വലത് കാലിന് പരിക്കുപറ്റുകയും ഹരിപ്പാട് ഗവൺമെന്റ് ആശുപത്രിയിൽ പ്രഥമ ശുശ്രൂഷ നൽകിയശേഷം ആലപ്പുഴ മെഡിക്കൽ കോളേജിലേയ്ക്ക് അയയ്ക്കുകയും ചെയ്തു. ഇക്കാര്യത്തിൽ ആശുപത്രി യിൽനിന്ന് ഇന്റിമേഷൻ ലഭിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്ന താണ്. ഡി.വൈ.എഫ്.ഐ. പ്രവർത്തകർ കോൺഗ്രസ്സുകാരെ മർദ്ദിച്ച തിനെക്കുറിച്ച് പോലീസിന് പരാതി ലഭിച്ചാൽ നടപടി സ്വീകരിക്കുന്നതാണ്.

(12) സംസ്ഥാനത്തെ പാചക വാതക ക്ഷാമം

ശ്രീ. പള്ളിപ്രം ബാലൻ: സംസ്ഥാനത്ത് പ്രത്യേകിച്ചും കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ പാചക വാതക ക്ഷാമം രൂക്ഷമാവുകയാണ്. കൃത്രിമമായ ക്ഷാമമാണോ അതോ ഗ്യാസ് സിലിണ്ടറിന്റെ വിതരണത്തിൽ വന്ന തകരാറാണോ എന്നത് അവ്യക്തമാണ്. കാസർഗോഡുള്ള 10 ഗ്യാസ് ഏജൻസികൾക്ക് ഒരു മാസം 125,000–ഉം കണ്ണൂർ ജില്ലയിലെ 39 ഗ്യാസ്

ഏജൻസികൾക്ക് 202,500–ഉം ഗ്യാസ് സിലിണ്ടറുകൾ ലഭിക്കേണ്ട സ്ഥാനത്ത് കഴിഞ്ഞ മാസം യഥാക്രമം 49,000–ഉം 60,000–ഉം ഗ്യാസ് സിലിണ്ടറുകളാണ് ലഭിച്ചത്. കൃത്യമായ വിതരണമില്ല. മഞ്ചേശ്വരം പോലുള്ള ചില പ്രദേശങ്ങളിൽ പാചകവാതക വിതരണ ജീവനക്കാരെയും വാഹനത്തെയും കയ്യേറ്റം ചെയ്യുന്ന സംഭവങ്ങൾ പോലുമുണ്ടായിട്ടുണ്ട്. സംസ്ഥാനത്തെ പാചകവാതക ക്ഷാമം പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽസപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): പാചക വാതക ക്ഷാമംമൂലം ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; അത് പരിശോധിച്ചു വരുന്നുണ്ട്. ഒരു നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഓയിൽ കമ്പനികൾ ഗ്യാസ് ഏജൻസികൾക്ക് സിലിണ്ടറുകൾ നൽകിവരുന്നത്. നിലവിൽ ശരാശരി ഒരു മാസത്തെ ആവശ്യത്തിനു വേണ്ടതിന്റെ 50 ശതമാനം മാത്രമാണ് ഗ്യാസ് ഏജൻസികൾക്ക് ലഭിക്കുന്നത്. ഗാർഹികാവശ്യങ്ങൾക്കുള്ള സിലിണ്ടറുകൾ ഗാർഹികേതര ആവശ്യങ്ങൾക്കുപയോഗിക്കുന്നതും പാചകവാതക ക്ഷാമത്തിന് കാരണമാകുന്നു. പാചകവാതക ഉപഭോക്താക്കളുടെ പരാതി പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട സിവിൽ സപ്ളൈസ് ഉദ്യോഗസ്ഥർ, ഓയിൽ കമ്പനി ഉദ്യോഗസ്ഥർ, ഉപഭോക്തൃ സംഘടനാ പ്രതിനിധികൾ, ഗ്യാസ് ഏജൻസി പ്രതിനിധികൾ തുടങ്ങിയവരെ ഉൾപ്പെടുത്തി ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ മൂന്ന് മാസത്തിലൊരിക്കൽ ഒരു ഓപ്പൺ ഫോറം സംഘടിപ്പിക്കുന്നുണ്ട്. മിന്നൽ പരിശോധന നടത്തി ഗാർഹിക ആവശ്യത്തിനുള്ള പാചക വാതകം ഗാർഹികേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നവർക്കെതിരെ നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ, എൽ.പി.ജി. വിതരണ രംഗത്ത് സംസ്ഥാനതല

ത്തിൽ മോണിറ്ററിംഗ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. ഏജൻസികൾ ക്കാവശ്യമായ സിലിണ്ടർ സ്റ്റോക്ക് നൽകുന്നതിന് സ്റ്റേറ്റ് ലെവൽ കോ-ഓർഡി നേഷൻ കമ്മിറ്റിക്ക് ഓയിൽ കമ്പനി നിർദ്ദേശം നൽകിയിട്ടുണ്ട്.

(13) കാസർഗോഡ് ഗവൺമെന്റ് കോളേജിൽ തെരഞ്ഞെടുപ്പി നോടനുബന്ധിച്ചു നടന്ന ആക്രമണം

ശ്രീ. സി.ടി. അഹമ്മദ് അലി: 4-10-2006-ന് കാസർഗോഡ് ഗവൺമെന്റ് കോളേജ് കാമ്പസ്സിൽ കോളേജ് തെരഞ്ഞെടുപ്പിനോടനുബന്ധിച്ചുണ്ടായ ആഹ്ളാദപ്രകടനത്തിനിടെ എം.എസ്.എഫ്.-കെ.എസ്.യു. പ്രവർത്തകരെ എസ്.എഫ്.ഐ. പ്രവർത്തകർ മാരകായുധങ്ങൾകൊണ്ട് മർദ്ദിച്ചവശരാക്കി. സാഹിർ, റഹ്മാൻ തുടങ്ങിയ എം.എസ്.എഫ്. പ്രവർത്തകർ ഗുരുതരമായ പരിക്കുകളോടെ ആശുപത്രിയിലാണ്. എൽ.ബി.എസ്. എഞ്ചിനീയറിംഗ് കോളേജിലെ വിദ്യാർത്ഥികൾ ഇവിടെ വന്ന് ആക്രമണം നടത്തുന്നത് സ്ഥിരം സംഭവമാണ്. ഇതു സംബന്ധിച്ച് അന്വേഷണം നടത്തി കുറ്റവാളികളുടെ പേരിൽ ശക്തമായ നടപടി സ്വീകരിക്കണം. അക്രമങ്ങൾ അവസാനി പ്പിക്കാനുള്ള നടപടികൾ ബന്ധപ്പെട്ടവരുമായി കൂടിയാലോചിച്ച് നടപ്പാക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) :കാസർഗോഡ് ഗവൺമെന്റ് കോളേജിൽ 29-ാം തീയതി നടന്ന തെരഞ്ഞെടുപ്പിൽ 4 സീറ്റിൽ കെ.എസ്.യു.-എം.എസ്.എഫ്. സഖ്യവും 5 സീറ്റിൽ എസ്.എഫ്.ഐ.യും വിജയിച്ചു. ഒക്ടോബർ 4-ാം തിയതി വിജയപ്രകടനത്തോടനുബന്ധിച്ച് കെ.എസ്.യു.-എം.എസ്.എഫ്. പ്രവർത്ത കരും എസ്.എഫ്.ഐ പ്രവർത്തകരും തമ്മിൽ കോളേജ് കോംപൗണ്ടിൽ വച്ച് ഏറ്റുമുട്ടലുണ്ടായി. ഇതോടനുബന്ധിച്ച് 4 കേസുകൾ രജിസ്റ്റർ ചെയ്തു. അവിടെ ഉണ്ടായ സംഘർഷാവസ്ഥ കണക്കിലെടുത്ത് ഒക്ടോബർ

9-ാം തിയതി വരെ കോളേജ് അടച്ചിടുകയും ബന്ധപ്പെട്ടവരുടേയും പി.ടി.എ.യുടേയും യോഗം വിളിച്ചുകൂട്ടാൻ ജില്ലാ കളക്ടർ നിർദ്ദേശം കൊടുക്കുകയും ചെയ്തിട്ടുണ്ട്. കോളേജിൽ സമാധാനാന്തരീക്ഷം നിലനിർത്തുന്നതിനുവേണ്ടിയുള്ള എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിക്കാം. എം.എൽ.എ.യും എല്ലാ രാഷ്ട്രീയ പാർട്ടികളും ഇടപെട്ടു കൊണ്ട് പ്രശ്നം പരിഹരിച്ച് കോളേജിൽ സമാധാനാന്തരീക്ഷമുണ്ടാക്കണം. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള എല്ലാ മുൻകരുതൽ നടപടിയും സ്വീകരിച്ചിട്ടുണ്ട്. പോലീസിന്റെ ഭാഗത്തുനിന്ന് നീതിരഹിതമായ എന്തെങ്കിലും പ്രവർത്തനം നടന്നിട്ടുണ്ടെന്ന് മെംബർ ചൂണ്ടിക്കാണിച്ചാൽ അത് പ്രത്യേകം പരിശോധിക്കാം.

(14) <u>ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് നൽകുന്ന ഭക്ഷ്യ സൗജന്യം നിർത്തലാക്കാൻ പോകുന്നത് സംബന്ധിച്ച്</u>

<u>ശ്രീ. കെ. ബാബു</u> :യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള 1,445,664 കുടുംബങ്ങൾക്ക് കിലോയ്ക്ക് മൂന്ന് രൂപ നിരക്കിൽ 25 കിലോ അരിയും ഗോതമ്പും കൊടുത്തുകൊണ്ടിരുന്നത് തുടരാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽസപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി <u>(ശ്രീ.സി.ദിവാകരൻ):</u> സംസ്ഥാനത്തെ എല്ലാ ബി.പി.എൽ. കുടുംബങ്ങൾക്കും 25 കിലോ ഭക്ഷ്യധാന്യം കിലോയ്ക്ക് മൂന്ന് രൂപ നിരക്കിൽ വിതരണം ചെയ്യുന്നതിന് ഭരണാനുമതി നൽകി 1-2-2006 മുതൽ അനുവദിക്കുകയും ചെയ്തു. ഈ ഇനത്തിൽ സർക്കാരിന് ഒരു വർഷത്തേയ്ക്ക് 120 കോടി രൂപ അധികച്ചെലവ് വരും. ഈ പദ്ധതി നിർത്തലാക്കാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടെന്നുള്ള വാർത്ത അടിസ്ഥാനരഹിതമാണ്. നിലവിലുള്ള

റേഷൻ വിതരണത്തിൽ യാതൊരു മാറ്റവും വരുത്തിയിട്ടില്ലെന്നു മാത്രമല്ല റേഷൻ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് സത്വര നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്.

(15) ഉടുമ്പൻചോല താലൂക്കിലെ ആദിവാസികളുടെ പ്രശ്നങ്ങൾ

ശ്രീ.കെ.കെ.ജയചന്ദ്രൻ: ആദിവാസികളെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല താലൂക്കിലെ ചില മേഖല കളിൽ 800-ലധികം ആദിവാസികൾക്ക് ഭൂമി നൽകിയിരുന്നു. അവിടെ നിരന്തരമായുണ്ടാകുന്ന കാട്ടാനശല്യത്തിൽനിന്ന് ഈ ആദിവാസികളെ സംരക്ഷിക്കുന്നതിന് സോളാർ ഫെൻസിംഗ് ഏർപ്പെടുത്തണം. ഇവർക്ക് നൽകിയ ഭൂമിയിൽ ഫോറസ്റ്റ് വകുപ്പ് വച്ചിട്ടുള്ള പൈൻ മരങ്ങൾ വെട്ടി മാറ്റാനും ഭൂമി കൃഷിയോഗ്യമാക്കിത്തീർക്കാനും പാർപ്പിട-കുടിവെള്ള പ്രശ്നം പരിഹരിക്കാനുമാവശ്യമായ നടപടി സ്വീകരിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല താലൂക്കിൽപ്പെട്ട ചിന്നക്കനാൽ പഞ്ചായത്തിൽ 708 ആദിവാസി കുടുംബങ്ങൾക്ക് 810 ഏക്കർ ഭൂമി വിതരണം നടത്തിയിരുന്നു. അവർക്ക് കുടിൽ കെട്ടാനാവശ്യമായ സൗകര്യം, റോഡ് നിർമ്മാണം, കാർഷിക വികസനം, ശുദ്ധജലവിതരണം, തുടങ്ങിയ പദ്ധതികൾക്കായി 4,64,97,241 രൂപ അനുവദിച്ചിട്ടുണ്ട്. ഭവനനിർമ്മാണവും അനുബന്ധ പദ്ധതികളും സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്. മറ്റ് വികസന പ്രവർത്തനങ്ങൾ ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. ഈ പ്രദേശത്ത് പുനരധിവസിപ്പിക്കപ്പെട്ട കുടുംബങ്ങളുടെ പ്രധാന പ്രശ്നമായ വന്യമൃഗങ്ങളിൽനിന്നുള്ള ഭീഷണി ഒഴിവാക്കുന്നതിന് സ്ഥിരം സംവിധാനമായി സൗരോർജ്ജ വേലി കെട്ടുന്നതിനുള്ള 55 ലക്ഷം രൂപയുടെ

പദ്ധതി ഗവൺമെന്റ് സമയബന്ധിതമായി നടപ്പിലാക്കും. സാമൂഹ്യ വനവൽക്കരണ പദ്ധതി പ്രകാരം വച്ചുപിടിപ്പിച്ചിട്ടുള്ള മരങ്ങൾ വെട്ടി മാറ്റുന്നതിന് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

(16) വേമ്പനാട്ടു കായലിൽ ഡ്രഡ്ജിംഗ് നടത്തുന്നതുമൂലം പരമ്പരാഗത മത്സ്യ-കക്ക തൊഴിലാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. ടി.എൻ. പ്രതാപൻ: 400-ഓളം തൊഴിലാളികൾ പണിയെടുക്കുന്ന ട്രാവൻകൂർ സിമൻറ്സിന് വെള്ള കക്ക ലഭിക്കുന്നതിനുവേണ്ടി വേമ്പനാട് കായലിൽനിന്ന് കക്ക ഡ്രഡ്ജ് ചെയ്യുന്നതുമൂലം 50,000-ത്തോളം വരുന്ന പരമ്പരാഗത മൽസ്യ-കക്കത്തൊഴിലാളികളെ ബാധിക്കുന്ന പ്രശ്നത്തിന് പരിഹാരമുണ്ടാക്കുന്നതിനുവേണ്ടി ഡ്രഡ്ജിംഗ് നിർത്തിവയ്ക്കാനും ഡ്രഡ്ജർ കായലിൽനിന്ന് പിൻവലിക്കാനുമാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കണം.

(ശ്രീ. പി. തിലോത്തമനും ശ്രീ. എ.എം. ആരീഫും ഈ വിഷയം സംബന്ധിച്ച് നോട്ടീസ് നൽകിയിരുന്നു.)

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിന്റെ റാ-മെറ്റീരിയലായ വെള്ള കക്കയുടെ ലഭ്യത കുമരകം, ചിത്തിരക്കാട് പ്രദേശങ്ങളിൽ കുറഞ്ഞപ്പോഴാണ് കമ്പനിക്ക് ലീസുള്ള വടുതല പ്രദേശത്ത് ഡ്രഡ്ജിംഗ് ആരംഭിക്കാൻ തീരുമാനിച്ചത്. തദ്ദേശവാസി കളുടേയും മൽസ്യത്തൊഴിലാളികളുടേയും എതിർപ്പു വന്നപ്പോൾ കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് വ്യവസായ-ഫിഷറീസ്-റവന്യു വകുപ്പുമന്ത്രിമാരും അന്നത്തെ മുഖ്യമന്ത്രിയും ഇടപെട്ട് ചർച്ച നടത്തുകയും പാരിസ്ഥിതിക പ്രശ്നങ്ങളില്ലാതെയും മൽസ്യത്തൊഴിലാളികൾക്ക് പ്രശ്നങ്ങളുണ്ടാകാതെയും കമ്പനിക്കാവശ്യമുള്ള കക്ക അവിടെനിന്ന്

സംഭരിക്കത്തക്ക നിലയിൽ തീരുമാനമെടുക്കുകയും ഡ്രഡ്ജിംഗ് നടത്തി കമ്പനി പ്രവർത്തിക്കുകയും ചെയ്തിരുന്നു. അവിടെ നേരിട്ടു പണി ചെയ്യുന്ന 600–ഓളം തൊഴിലാളികളും 2000–ഓളം അനുബന്ധ തൊഴിലാളികളുമുണ്ട്. സംസ്ഥാന ഗവൺമെന്റിന് 10 കോടിയിൽപ്പരം രൂപ നികുതി ഇനത്തിൽ ലഭിക്കുന്നുണ്ട്. ആർ.ഡി.ഒ.യുമായി നടത്തിയ മറ്റൊരു ചർച്ചയിൽ പാരിസ്ഥിതിക പ്രശ്നങ്ങൾ പഠിക്കുന്നതിന് ഡോ. രവീന്ദ്രൻ അദ്ധ്യക്ഷനായി നിയോഗിച്ച കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് ഗവൺമെന്റ് പരിശോധിച്ച് നടപടി സ്വീകരിക്കും. സമരം ഉണ്ടായതിനെത്തുടർന്ന് ഡ്രഡ്ജിംഗ് താൽകാലിക മായി നിർത്തിവച്ചു. ഒരു പൊതുമേഖലാ സ്ഥാപനമെന്ന നിലയിൽ ട്രാവൻകൂർ സിമന്റ്സിന്റെ ഉൽപാദനം നിർത്തിയാൽ ബിർളവൈറ്റ് പോലുള്ള കുത്തകകൾ മാർക്കറ്റ് പിടിക്കുകയും ഈ കമ്പനി തുടർന്നു പ്രവർത്തിപ്പിക്കാൻ സാധിക്കാതെയും വരും. കമ്പനിയുടെ പ്രവർത്തനം തടസ്സപ്പെടാതിരിക്കാൻ ഗവൺമെന്റ് ഇടപെടണമെന്ന് ട്രേഡ് യൂണിയനുകൾ ആവശ്യപ്പെട്ടിട്ടുണ്ട്. ചർച്ച ചെയ്ത് ഈ പ്രശ്നം തീർക്കണമെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം. ഇതു സംബന്ധിച്ച് ബഹുമാനപ്പെട്ട മെംബർ മുൻ എം.എൽ.എ.യുമായി ചർച്ച ചെയ്ത് രമ്യമായ ഒരു തീരുമാനത്തി ലെത്തണം. ജില്ലാ കളക്ടർ ഒരു മീറ്റിംഗ് വിളിച്ചിരുന്നു. ഇന്ന് ആഭ്യന്തര വകുപ്പുമന്ത്രിയും കമ്പനി അധികൃതരും മറ്റുദ്യോഗസ്ഥരും ഉൾപ്പെടുന്ന ഒരു ചർച്ച നടത്തുന്നുണ്ട്. മൽസ്യത്തൊഴിലാളികൾക്കും കക്ക വാരി ഉപജീവനം കഴിക്കുന്നവർക്കും പ്രയാസം വരാത്ത നിലയിലും കമ്പനിയുടെ പ്രവർത്തനം തടസ്സപ്പെടാത്ത നിലയിലും രമ്യമായ പരിഹാരമുണ്ടാക്കാൻ എല്ലാ ഭാഗത്തുനിന്നുമുള്ള സഹായമുണ്ടാകണം.

**റിപ്പോർട്ട് സമർപ്പണം**

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**ധനകാര്യം**

2006–2007 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു. പ്രസ്തുത ധനാഭ്യർത്ഥനകൾ സംബന്ധിച്ച നയരേഖയും മേശപ്പുറത്തു വയ്ക്കുന്നു.

ധനാഭ്യർത്ഥന നമ്പർ VIII – എക്സൈസ്
(29,00,73,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXIV – തൊഴിലും തൊഴിലാളിക്ഷേമവും
(64,06,26,000 രൂപ)

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ.എം.വിജയകുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 236 (3) അനുസരിച്ച് എക്സൈസ് എന്ന VIII–ാം നമ്പർ ധനാഭ്യർത്ഥനയേയും തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV–ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച സ്റ്റേറ്റ്മെന്റ് മേശപ്പുറത്തു വയ്ക്കുന്നു.

സർവ്വശ്രീ എം.എ. വാഹീദ്, ജോർജ് മേഴ്സിയർ, കെ. ബാബു, കെ.സി. ജോസഫ്, അടൂർ പ്രകാശ്, തേറമ്പിൽ രാമകൃഷ്ണൻ, കെ. മുഹമ്മദുണ്ണി ഹാജി, എം. ഉമ്മർ, വി.കെ. ഇബ്രാഹിം കുഞ്ഞ്, സി.ടി. അഹമ്മദ് അലി, തോമസ് ഉണ്ണിയാടൻ, തോമസ് ചാണ്ടി, വി.ഡി. സതീശൻ, കെ. സുധാകരൻ എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. കെ. ബാബു: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. യു.ഡി.എഫ്. ഗവണ്മെന്റിന്റെ ഭരണകാലത്ത് സംസ്ഥാനത്ത് വിവിധ തൊഴിലാളി ക്ഷേമനിധികൾക്ക് രൂപം കൊടുക്കാൻ സാധിച്ചു. എന്നാൽ തുടർന്ന് അധികാരത്തിൽ വന്ന എൽ.ഡി.എഫ്. സർക്കാർ പല ക്ഷേമനിധികളിൽ നിന്നും എടുത്ത വായ്പ തിരിച്ചടയ്ക്കാത്തതുമൂലം ഇവയുടെ പ്രവർത്തനം സ്തംഭനാവസ്ഥയിലായിരുന്നു. തോട്ടം തൊഴിലാളികളുടെ മിനിമം കൂലി പുതുക്കി നിശ്ചയിച്ചുകൊണ്ട് കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചെങ്കിലും തോട്ടമുടമകളിൽനിന്നും ഇതിന്റെ ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് ലഭ്യമാക്കാൻ ഈ ഗവണ്മെന്റിന് സാധിച്ചിട്ടില്ല. റബ്ബർ ടാപ്പിംഗ് തൊഴിലാളികളുടെ കാര്യത്തിലും ഇതുതന്നെയാണ് സ്ഥിതി. കഴിഞ്ഞ 5 വർഷവും കയർ, കശുവണ്ടി തൊഴിലാളികൾക്ക് ഓണക്കാലത്ത് 1000 രൂപ വീതം നൽകാൻ യു.ഡി.എഫ്. സർക്കാരിന് സാധിച്ചു. കശുവണ്ടിത്തൊഴിലാളികളുടെ മിനിമം കൂലി പുതുക്കി നിശ്ചയിച്ചുകൊണ്ട് ഡ്രാഫ്റ്റ് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചെങ്കിലും തെരഞ്ഞെടുപ്പ് വിജ്ഞാപനം വന്നതിനാൽ നടപ്പിലാക്കാൻ കഴിഞ്ഞില്ല. എന്നാൽ ഈ ഗവണ്മെന്റ് പുതിയ ഒരു കമ്മിറ്റിയെ നിയോഗിച്ച് ഈ ആനുകൂല്യങ്ങൾ നൽകാതെ നീട്ടിക്കൊണ്ടു പോകുന്നതിനുള്ള ശ്രമം നടത്തുകയാണ് ചെയ്യുന്നത്. ഡ്രാഫ്റ്റ് നോട്ടിഫിക്കേഷൻ യാഥാർത്ഥ്യ

മാക്കുന്നതിനും ആ വിഭാഗം തൊഴിലാളികളുടെ മിനിമം കൂലി പുതുക്കി നിശ്ചയിക്കുന്നതിനും നടപടി സ്വീകരിക്കണം. ചെറുകിട തോട്ടം തൊഴിലാളി കളുടേയും സ്വർണ്ണത്തൊഴിലാളികളുടേയും ക്ഷേമനിധിക്ക് രൂപം നൽകിയതും യു.ഡി.എഫ്. സർക്കാരാണ്. നമ്മുടെ സംസ്ഥാനത്തെ നിലവിലുള്ള 23 ക്ഷേമനിധി ബോർഡുകളേയും ഏകോപിപ്പിക്കുന്നതിന് ഒരു അപ്പക്സ് കൗൺസിലിന് രൂപം നൽകണം. ട്രേഡ് യൂണിയൻ ബിൽ അംഗീകാരം സംബന്ധിച്ച നിയമം സംസ്ഥാനത്ത് കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കണം. സംസ്ഥാനത്ത് തൊഴിലാളി പ്രസ്ഥാനങ്ങളേയും ആ രംഗത്ത് നേടിയ മുന്നേറ്റങ്ങളേയും അപ്രസക്തമാക്കത്തക്കവിധത്തിൽ 10-20 വർഷമായി കാഷ്വൽ തൊഴിലാളികൾ ജോലി നോക്കുന്ന സ്ഥാപനങ്ങളിൽ ഇന്ന് ഇൻസോഴ്സിംഗ് എന്ന പേരിൽ പുറത്തുനിന്നുള്ള തൊഴിലാളികളെ ക്കൊണ്ട് ജോലി ചെയ്യിപ്പിക്കുന്ന രീതി അവസാനിപ്പിക്കണം. കൺസിലിയേഷൻ മെഷിനറി ശക്തിപ്പെടുത്തണം. സമയോചിതമായി കൺസിലിയേഷൻ ഉദ്യോഗസ്ഥർ ഇടപെട്ടാൽ പല തൊഴിൽ പ്രശ്നങ്ങളും പരിഹരിക്കാൻ സാധിക്കും. കായംകുളത്ത് ചാരായം പിടിച്ച എക്സൈസ് ഇൻസ്പെക്ടറെ വെട്ടാനുള്ള കരുത്ത് എവിടെനിന്ന് കിട്ടി എന്ന് അന്വേഷിക്കണം. വ്യാജമദ്യം ഒഴുകുന്നത് തടയാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. ഇപ്പോൾ ജലമാർഗ്ഗം നടക്കുന്ന സ്പിരിറ്റ് കംഭകോണത്തിന് എക്സൈസ് വകുപ്പിൽത്തന്നെ പാർട്ടിയിലെ ഒരു വിഭാഗം ആളുകൾ കൂട്ടുനിൽക്കുന്നതായിട്ടാണ് അറിയുന്നത്.

<u>ശ്രീ.എ.എം.യൂസഫ്:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പ്രാഥമിക ദ്വിതീയ മേഖലകളിൽ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാനുള്ള നടപടികളാണ് സ്വീക

രിച്ചിട്ടുള്ളത്. കയർ, കൈത്തറി, കശുവണ്ടി തുടങ്ങിയ പരമ്പരാഗത മേഖലയിൽ ഒട്ടേറെ മാറ്റങ്ങൾ വരുത്തി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പാസ്സാക്കിയ തൊഴിലാളികളുടെ താല്പര്യങ്ങൾക്കെതിരായ ചുമട്ടുതൊഴിലാളി നിയമം നടപ്പിലാക്കുകയില്ലെന്ന് ഈ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പരമ്പരാഗത മേഖലയിലെ തൊഴിലാളികളെ ദ്രോഹിക്കുന്ന സമീപനമാണ് സ്വീകരിച്ചിരുന്നതെങ്കിൽ ഈ ഗവൺമെന്റ് പരമ്പരാഗത മേഖലയിലും അസംഘടിത മേഖലയിലും പണിയെടുക്കുന്ന തൊഴിലാളികളെ സംരക്ഷിക്കുവാനും സഹായിക്കുവാനുമുതകുന്ന ക്ഷേമ പദ്ധതികൾ പ്രഖ്യാപിക്കുകയും സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുകയും കെ.എസ്.ആർ.ടി.സി. യെ മെച്ചപ്പെടുത്തുന്നതിന് സാമ്പത്തിക സഹായം നല്കുകയും വൈദ്യുതിരംഗത്ത് മാറ്റങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ട്. ആഗോളവൽക്കരണവും സ്വകാര്യവൽക്കരണവും പൊതുമേഖലാ വ്യവസായങ്ങളെ തകർക്കുന്ന സ്ഥിതിവിശേഷമാണ് ഉണ്ടാക്കിയത്. ഭരണ-പ്രതിപക്ഷ ഭേദമെന്യേ ഒറ്റക്കെട്ടായിനിന്ന് കേന്ദ്ര ഗവൺമെന്റിന്റെ നയത്തിനെതിരെ ശക്തമായ നിലപാട് സ്വീകരിക്കണം. ഈ ഗവൺമെന്റ് ചെത്ത് തൊഴിലാളികളെ സംരക്ഷിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. വ്യാജവാറ്റ് തടയാൻ എക്സൈസ്സ് ഡിപ്പാർട്ടുമെന്റിന് നിർദ്ദേശം കൊടുത്തതിന്റെ ഫലമായി ബിവറേജസ് കോർപ്പറേഷനിൽനിന്നുള്ള വരുമാനം കൂടിയിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നിയമന നിരോധനമാണ് നടപ്പാക്കിയിരുന്നത്. ഈ ഗവൺമെന്റ് നിയമനം നല്കാൻ സാദ്ധ്യതയുള്ള മേഖലകളിൽ നിയമനം നടത്താനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇലക്ട്രിസിറ്റി ബോർഡിലും കെ.എസ്.ആർ.ടി.സി.-യിലും നിയമനങ്ങൾ നടത്താൻ നടപടി സ്വീകരിച്ചി

ട്ടുണ്ട്. ആരോഗ്യ രംഗത്ത് പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ 1576 പേർക്ക് നിയമനം നല്കാൻ തീരുമാനിച്ചിട്ടുള്ളത് ശ്ലാഘനീയമാണ്. കൃഷിക്കാരെ സംരക്ഷിക്കുവാനും പ്രോത്സാഹിപ്പിക്കുവാനും ക്ഷേമനിധി ആനുകൂല്യങ്ങൾ നല്കുവാനുമുള്ള സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പോലീസിന്റെ വെടിയേറ്റ് മരിച്ച ആദിവാസിയുടെ മകൾക്ക് പി.എസ്.സി. മുഖേന ജോലി നല്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. ഇ.എസ്.ഐ. ആശുപത്രികളിലൂടെ രോഗികൾക്കാവശ്യമായ പരിരക്ഷ ലഭിക്കുന്നതിനും അതിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും അവശേഷിക്കുന്ന ഒഴിവുകളിൽ ഡോക്ടർമാരെ നിയമിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഷോപ്സ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളികൾക്കായുള്ള ക്ഷേമനിധിയിൽ ഹോട്ടൽ ജീവനക്കാരെക്കൂടി ഉൾപ്പെടുത്തണം. മൺപാത്ര നിർമ്മാണത്തൊഴിലാളികൾ, വിദേശ മലയാളികൾ, പത്ര വിതരണക്കാർ, വർക്ക് ഷോപ്പിൽ ജോലി ചെയ്യുന്നവർ തുടങ്ങിയവർക്ക് ക്ഷേമനിധി ആനുകൂല്യം ഏർപ്പെടുത്തണം. അബ്കാരി കുടിശ്ശിക പിരിച്ചെടുക്കുവാൻ നടപടി സ്വീകരിക്കണം. കർഷകത്തൊഴിലാളി പെൻഷൻ കുടിശ്ശിക, തൊഴിലില്ലായ്മ വേതനം, അഗതി പെൻഷൻ, വിധവ പെൻഷൻ എന്നിവ വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചത് അഭിനന്ദനാർഹമാണ്. ജനങ്ങളുടെ സുരക്ഷിതത്വത്തിനുവേണ്ടി ഖരമാലിന്യവും പുഴമാലിന്യവും തടയാനുള്ള നടപടി വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട് നടപ്പാക്കണം.

<u>ശ്രീ.എം. ഉമ്മർ:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഇന്ന് പൊതുമേഖലാ സ്ഥാപനങ്ങൾ പലതും പൂട്ടിക്കിടക്കുന്നു. പ്ലാന്റേഷൻ രംഗത്തുള്ള ലോക്കൗട്ടുമൂലം തൊഴിൽ രംഗമാകെ സ്തംഭനാവസ്ഥയിലാണ്. എല്ലാവിധ

ക്ഷേമപദ്ധതികളും കോ–ഓർഡിനേറ്റ് ചെയ്ത് ഓന്നോ രണ്ടോ കോ–ഓർഡിനേഷൻ കമ്മിറ്റികളുടെ കീഴിൽ കൊണ്ടുവരാനുള്ള ശ്രമമുണ്ടാകണം. ലേബർ കോടതികളിലും ട്രൈബ്യൂണലുകളിലും കെട്ടിക്കിടക്കുന്ന കേസ്സുകൾ എത്രയും പെട്ടെന്ന് തീർപ്പാക്കുവാനുള്ള നടപടി സ്വീകരിക്കണം. ബാലവേല തടയുന്നതിനുള്ള നിയമം കർക്കശമാക്കണം. ലോക്കൗട്ടിലായ കണ്ണൻ ദേവൻ തേയിലത്തോട്ടത്തിലെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സന്ദർശനം നടത്തി പ്ലാന്റേഷൻ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വിമുഖത കാണിക്കുന്നതിനെതിരെ ശക്തമായ നടപടി സ്വീകരിക്കുകയും വേണം. തൊഴിൽശാലകളെ അപ്ഗ്രേഡ് ചെയ്യുന്നതിന് നവീന രീതിയിലുള്ള ടെക്നോളജിയും മെഷീനും ഉപയോഗിക്കണം. ഐ.ടി. രംഗത്തെ തൊഴിലുമായി ബന്ധപ്പെട്ടുണ്ടാകുന്ന സാമൂഹ്യ–ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതിന് നിലവിലുള്ള നിയമങ്ങളിൽ കാലോചിതമായ മാറ്റം വരുത്തണം. ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ടിലും ഫാക്ടറീസ് ആക്ടിലും ട്രേഡ് യൂണിയൻ ആക്ടിലും ആവശ്യമായ ഭേദഗതികൾ വരുത്തി തൊഴിലാളികളുടെ താലപര്യം സംരക്ഷിക്കാൻ ആവശ്യമായ സാഹചര്യമുണ്ടാക്കണം. കേരളത്തിൽ തൊഴിൽജന്യരോഗങ്ങൾ പുതിയ വെല്ലുവിളിയായി തീർന്നിരിക്കുന്നതിനാൽ അതിനെതിരെ ശക്തമായ നടപടി സ്വീകരിക്കണം. മലപ്പുറം ജില്ലാ ആസ്ഥാനത്ത് ഒരു ഇ.എസ്.ഐ. ആശുപത്രി അനുവദിക്കണം. നിയമനങ്ങളിൽ അംഗവൈകല്യമുള്ളവർക്കായി നീക്കിവച്ചിട്ടുള്ള 3 ശതമാനം സംവരണം ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. ബോണസിനുള്ള ശമ്പള പരിധി ഉയർത്തണം. ജനങ്ങളുടെ ആരോഗ്യവും ക്ഷേമവും ഉറപ്പുവരുത്താൻ സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ മദ്യം സാർവ്വത്രികമാക്കുന്നത് തടയാനുള്ള നടപടി

ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. കേരളത്തിന്റെ സാമ്പത്തിക മേഖലയിൽ വിദേശ മലയാളികളുടെ സംഭാവന കണക്കിലെടുത്ത് സ്വന്തമായി വീടില്ലാത്ത പാവപ്പെട്ട വിദേശ മലയാളികളെ പുനരധിവസിപ്പിക്കാനും എയർ ഇന്ത്യയും ഇന്ത്യൻ എയർലൈൻസും ഈടാക്കിക്കൊണ്ടിരിക്കുന്ന ചാർജ് വർദ്ധന കുറച്ചുകൊണ്ടുവരാനുമുള്ള നടപടിയുണ്ടാകണം.

ശ്രീ. എ.കെ. ചന്ദ്രൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പടിപടിയായി മദ്യനിരോധനം നടപ്പാക്കുമെന്നു പറഞ്ഞ് അധികാരത്തിൽ വന്ന യു.ഡി.എഫ്. സർക്കാർ കള്ളുഷാപ്പുകളുടെ എണ്ണം കുറച്ച് പതിനായിരക്കണക്കിന് പരമ്പരാഗത ചെത്തുതൊഴിലാളികളുടെ തൊഴിൽ ഇല്ലാതാക്കുകയും ബിവറേജസ് കോർപ്പറേഷനിലൂടെ വിതരണം ചെയ്തതിന്റെ ഇരട്ടി മദ്യം വിദേശ മദ്യ ഷാപ്പുകളിലൂടെ അനധികൃതമായി വിറ്റഴിക്കാൻ അവസരമൊരുക്കുകയും ചെയ്തു. ചെത്തുതൊഴിലാളികളെ ദ്രോഹിച്ചു; കള്ളുചെത്തു വ്യവസായത്തെ തകർത്തു. മദ്യ ലോബികളെ വളർത്തുന്നതിന് കൂടുതൽ മദ്യഷാപ്പുകൾ അനുവദിച്ചു. ഉദയഭാനു കമ്മിഷൻ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കണം. മദ്യമാഫിയ സംഘങ്ങളെ തകർക്കണം. കൂടുതൽ ജീവനക്കാരെ നിയമിച്ച് ആവശ്യമായ ആയുധങ്ങളും വാഹനങ്ങളും നൽകി എക്സൈസ് സേനയ്ക്ക് കൂടുതൽ കരുത്ത് നൽകണം. വ്യാജ വാറ്റും സ്പിരിറ്റ് കള്ളക്കടത്തും തടയാനുള്ള നടപടികൾ സ്വീകരിക്കണം. പരമ്പരാഗത മേഖലയിലെ തൊഴിലാളികളെ സംരക്ഷിക്കുന്ന പ്രവർത്തനങ്ങളാണ് ഈ ഗവൺമെന്റ് നടത്തുന്നത്. ആവശ്യമായ ജീവനക്കാരെ നിയോഗിച്ച് തൊഴിലാളി ക്ഷേമനിധി ബോർഡുകൾ പുന:സംഘടിപ്പിക്കുകയും അതിന്റെ പ്രവർത്തനങ്ങൾ സജീവമാക്കുകയും പിരിഞ്ഞുപോയവർക്ക് അംഗത്വം പുതുക്കാൻ അവസരം നൽകുകയും ചെയ്യണം. തെങ്ങുകയറ്റ തൊഴിലാളി

കൾക്ക് ക്ഷേമനിധി ഏർപ്പെടുത്തണം. ക്ഷേമനിധി ആനുകൂല്യങ്ങൾക്കായി തുക നീക്കിവയ്ക്കുകയും കാലതാമസം കൂടാതെ വിതരണം ചെയ്യുകയും വേണം. 60 വയസ്സ് തികയുമ്പോൾ പിരിഞ്ഞുപോകുന്ന തൊഴിലാളികൾക്കു കൊടുക്കേണ്ട കുടിശ്ശിക വിതരണം ചെയ്യണം.

ശ്രീ. തോമസ് ഉണ്ണിയാടൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം സ്പിരിറ്റ് കള്ളക്കടത്ത് വർദ്ധിച്ചിട്ടുണ്ടെന്ന കാര്യം നിഷേധിക്കാനാവില്ല. വ്യാജമദ്യം, വ്യാജവാറ്റ്, കള്ള് ഷാപ്പുകളിലെ ചാരായ വിൽപന, ബാർ ഹോട്ടലുകളിൽ സെക്കന്റ്സ് വിൽപന തുടങ്ങിയവ യഥേഷ്ടം നടക്കുന്നു. ഇതുമൂലം സംസ്ഥാനത്തിനു ലഭിക്കേണ്ട കോടിക്കണക്കിനു രൂപയുടെ വരുമാനം നഷ്ടമാകുന്നു.. ചെക്ക്പോസ്റ്റുകളിൽ സ്പിരിറ്റ് കള്ളക്കടത്ത് തടയുന്നതിനാവശ്യമായ സംവിധാനം ഏർപ്പെടുത്തണം. കടൽ മാർഗ്ഗം സ്പിരിറ്റ് കടത്തുന്നുണ്ടോ യെന്ന് പരിശോധിക്കണം. എക്സൈസ് ഉദ്യോഗസ്ഥർക്ക് ആവശ്യമായ ആയുധങ്ങളും വാഹനങ്ങളും നൽകി അവരുടെ പ്രവർത്തനം കാര്യക്ഷമ മാക്കണം. കള്ളക്കടത്തിനും വ്യാജവാറ്റിനും കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥർ ക്കെതിരെ നടപടി സ്വീകരിക്കണം. നൂതനമാർഗ്ഗങ്ങൾ ഉപയോഗിച്ച് വ്യാജ വാറ്റും കള്ളക്കടത്തും കണ്ടുപിടിക്കണം.

ശ്രീ. ജോസ് തെറ്റയിൽ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സമ്പൂർണ്ണ മദ്യനിരോധനം നടപ്പാക്കുമെന്ന് പറഞ്ഞ് അധികാരത്തിൽ വന്ന യു.ഡി.എഫ്. സർക്കാർ 89 ബാറുകൾ അനുവദിക്കുകയുണ്ടായി. ചാരായ നിരോധനം ഏർപ്പെടുത്തിയതുമൂലം ആയിരക്കണക്കിനാളുകൾ തൊഴിൽ രഹിതരായി. കഴിഞ്ഞ അഞ്ചുവർഷക്കാലം എക്സൈസ് വകുപ്പിൽ അഴിമതിയും അനീതിയും നടമാടിയിരുന്നു. സംസ്ഥാനത്തെ മദ്യമാഫിയ

കളുടെ വിളയാട്ടം അവസാനിപ്പിക്കണം. കള്ളിൽ മയക്കുമരുന്ന് കലർത്തി വിൽക്കുന്നത് തടയണം. ഉദയഭാനു കമ്മിഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കണം. കേരള അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റി ഡെവലപ് ചെയ്ത കേരസുധ വ്യാപകമാക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. ആവശ്യമായ ജീവനക്കാരും ആധുനിക വാർത്താവിനിമയ സൗകര്യങ്ങളും വാഹനങ്ങളും നൽകി എക്സൈസ്സ് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം. ചാരായ വാറ്റും വിൽപനയും നടത്തുന്ന സ്ത്രീകളെ അറസ്റ്റുചെയ്യുന്നതിന് വനിതാ ഗാർഡുകളെ നിയോഗിക്കണം. എക്സൈസ്സ് വകുപ്പിലെ ഇന്റലിജൻസ് വിഭാഗം ശക്തമാക്കണം. അബ്കാരി ആക്ട് പ്രകാരം കണ്ടുകെട്ടുന്ന വാഹനങ്ങൾ കേസ് തീരുന്നതിനുമുമ്പ് ലേലംചെയ്ത് തുക ട്രഷറിയിൽ അടയ്ക്കുകയും കോടതി തീരുമാനിക്കുന്ന മുറയ്ക്ക് തുക കൊടുക്കത്തക്ക വിധത്തിൽ നിയമത്തിൽ ഭേദഗതി വരുത്തുകയും ചെയ്യണം. അബ്കാരി കേസുകൾ തീർക്കുന്നതിനുവേണ്ടി ഫാസ്റ്റ് ട്രാക് കോടതി സ്ഥാപിക്കണം. കഞ്ചാവുവേട്ട കാര്യക്ഷമമാക്കണം. അന്യ സംസ്ഥാനങ്ങളിൽനിന്നും കുടിയേറിയ തൊഴിലാളികളെ സംബന്ധിച്ച കണക്കുകൾ സർക്കാർ സൂക്ഷിക്കണം. തൊഴിൽ നിയമങ്ങൾ പാലിക്കുന്നതിനായി സ്പെഷ്യൽ എക്കണോമിക് സോൺ രൂപീകരിക്കണം. യുവാക്കളുടെ തൊഴിലില്ലായ്മ പരിഹരിക്കണം. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നടക്കുന്ന അഴിമതി തടയണം. അപകട മരണം സംഭവിക്കുന്ന മരംകയറ്റ തൊഴിലാളികളുടെ ആശ്രിതർക്ക് നൽകുന്ന ധനസഹായം ഒരു ലക്ഷം രൂപയായി വർദ്ധിപ്പിക്കണം.

ശ്രീ. വി. സുരേന്ദ്രൻ പിള്ള: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. എക്സൈസ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥർക്ക് ആവശ്യമായ ആധുനിക

ആയുധങ്ങൾ നൽകണം. കഴിഞ്ഞ ഒരു മാസത്തിനിടയ്ക്ക് 1500-ലധികം റെയ്ഡ് നടത്തുകയും തിരുവനന്തപുരം ജില്ലയിൽ മാത്രം 93 കേസുകളെ ടുക്കുകയും 73 പേരെ അറസ്റ്റ് ചെയ്യുകയും 19000-ലേറെ വ്യാജ സ്പിരിറ്റ് വേട്ട നടത്തുകയും വ്യാജച്ചാരായം, കള്ള്, സെക്കന്റ്സ്, ഫോറിൻ ലിക്കർ, കഞ്ചാവ്, ചരസ് തുടങ്ങിയവ റെയ്ഡിലൂടെ പിടിക്കുകയും 10 വാഹനങ്ങൾ കണ്ടുകെട്ടുകയും ചെയ്തതിലൂടെ നല്ല പ്രവർത്തനമാണ് എക്സൈസ്സ് വകുപ്പ് നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്. പോലീസ് ഡിപ്പാർട്ടുമെന്റിൽ നൽകുന്നതുപോലെ എക്സൈസ്സ് വകുപ്പിലെ ഇൻസ്പെക്ടർമാർക്കും പിസ്റ്റലും അതുപയോഗിക്കുന്നതിനുള്ള പരിശീലനവും മൊബൈൽ ഫോണും പുതിയ വാഹനങ്ങളും നൽകണം. എക്സൈസ്സ് ഉദ്യോഗസ്ഥർക്ക് ചെക്ക് പോസ്റ്റുകളിൽ ആവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കണം. മനുഷ്യൻ നശിക്കാതിരിക്കാൻ മദ്യാസക്തി കുറയ്ക്കുന്നതിന് പര്യാപ്തമായ ഇടപെടലുണ്ടാവുകയും കള്ളിന് കൂടുതൽ പ്രാധാന്യം കൊടുക്കുകയും വേണം. കരകൗശല തൊഴിലാളികൾക്കും സ്വകാര്യ ആശുപത്രിയിലെ ജീവനക്കാർക്കും ചെറുകിട തോട്ടംതൊഴിലാളികൾക്കും ക്ഷേമനിധി രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ഐ.ടി.ഐ.കളിൽ പരമ്പരാഗത കോഴ്സുകളുടെ പ്രസക്തി നഷ്ടപ്പെടാത്ത വിധത്തിൽ വൈവിധ്യമാർന്ന പുതിയ കോഴ്സുകൾ ആരംഭിക്കണം.

<u>ശ്രീ.എ.എ.അസീസ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്ത് വ്യവസായ സമാധാനം നിലനിർത്തുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും തൊഴിൽ സംരക്ഷിക്കുന്നതിനും തൊഴിൽ വകുപ്പ് ആത്മാർത്ഥമായ പ്രവർത്തനമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികൾക്ക് കൊടുക്കാനുണ്ടായിരുന്ന

പെൻഷൻ കുടിശ്ശിക ഈ ഗവണ്മെന്റ് കൊടുത്തുതീർത്തു. സംസ്ഥാനത്ത് പ്രവർത്തനരഹിതമായിരുന്ന നിരവധി വ്യവസായ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കാൻ കഴിഞ്ഞു. കൊല്ലത്തെ കശുവണ്ടി ഫാക്ടറിയുൾപ്പെടെ അടഞ്ഞുകിടന്ന 12 ഫാക്ടറികൾ തുറന്നതിലൂടെ 20,000 തൊഴിലാളികൾക്ക് ജോലി കൊടുക്കുന്നതിന് കഴിഞ്ഞു. അടഞ്ഞുകിടന്ന ഫാക്ടറികളിലെ തൊഴിലാളികൾക്ക് ഓണക്കാലത്ത് സാമ്പത്തികസഹായം കൊടുത്തു. കശുവണ്ടി തൊഴിലാളികൾക്ക് കൊടുക്കാനുണ്ടായിരുന്ന 26 മാസത്തെ പെൻഷൻ കുടിശ്ശിക കൊടുത്തുതീർത്തു. റബ്ബർ ടാപ്പിംഗ് തൊഴിലാളികൾ, മെക്കാനിക്കൽ വർക്കേഴ്സ്, പെട്രോൾ പമ്പ് ജീവനക്കാർ തുടങ്ങി നിരവധി മേഖലകളിലെ തൊഴിലാളികളെ മിനിമം വേജസിന്റെ ഷെഡ്യൂളിൽ ഉൾപ്പെടുത്തുന്നതിന് സാധിച്ചു. സംസ്ഥാനത്ത് പീടികകൾ, സ്വകാര്യ ആശുപത്രികൾ തുടങ്ങി വിവിധ സ്ഥാപനങ്ങളിൽ പണിയെടുക്കുന്ന പതിനായിരത്തോളം തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുവാൻ നിയമനിർമ്മാണ നടപടി ആരംഭിച്ചിരിക്കുകയാണ്. കൈത്തറി മേഖലയിൽ ക്ഷേമനിധിക്കുവേണ്ടി 116.58 ലക്ഷംരൂപ അധികമായി നീക്കിവച്ചു. പ്ളാന്റേഷൻ മേഖലയിൽ തേയിലത്തോട്ടങ്ങൾ അടച്ചുപൂട്ടിയതിലൂടെ തൊഴിലാളികൾക്കുണ്ടായ ദുരിതം അവസാനിപ്പിക്കാൻ സമഗ്രമായ പദ്ധതികൾ ആവിഷ്ക്കരിച്ച് കേന്ദ്ര ഗവണ്മെന്റിന് സമർപ്പിച്ചിരിക്കുന്നത് സ്വാഗതാർഹമാണ്. ഇ.എസ്.ഐ. ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തണം. വ്യാജച്ചാരായം തടയുന്നതിനുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. പി. സി. ജോർജ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആഗോളവൽക്കരണത്തിന്റെയും ഉദാരവൽക്കരണത്തിന്റെയും സ്വകാര്യവൽക്കരണത്തിന്റെയും തിക്തഫലങ്ങൾ കേരളത്തിന് അനുഭവിക്കേണ്ടിവന്നതു

കൊണ്ടാണ് വിലത്തകർച്ചമൂലം കർഷകന് ആത്മഹത്യചെയ്യേണ്ടിവന്നത്. വിവിധ മേഖലകളിൽ പണിയെടുക്കുന്നവർക്ക് ഈ സാമ്പത്തികനയംമൂലം വലിയ തിരിച്ചടിയുണ്ടായി. തൊഴിലെടുത്ത് ജീവിക്കുന്നവരെ ക്ഷീണിപ്പിക്കുവാനുള്ള നിയമഭേദഗതികളും കൂട്ടപിരിച്ചുവിടലുകളും കോൺട്രാക്ട് ലേബർ സംവിധാനങ്ങളും തൊഴിലവകാശങ്ങൾ തകർക്കുന്ന പദ്ധതികളും പുതിയ നയത്തിന്റെ ഭാഗമായി നിലവിൽ വന്നു. യൂണിയൻ ഫ്രീ അന്തരീക്ഷം സൃഷ്ടിക്കുക എന്നതാണ് പുതിയ സംസ്ക്കാരത്തിന്റെ വിജയത്തിന് ആവശ്യമെന്നാണ് 1991–ലെ ലോക ബാങ്ക് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്. പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനെന്ന പേരിൽ 5 കോടി രൂപ മുടക്കി ജിം നടത്തിയിട്ടും ആർക്കും തൊഴിൽ നൽകാൻ കഴിഞ്ഞ ഗവണ്മെന്റിന് സാധിച്ചില്ല. മൂലധനം മുടക്കുന്നതിനെപ്പറ്റി ചിന്തിക്കുമ്പോൾ തൊഴിലവസരങ്ങൾ എത്ര സൃഷ്ടിക്കപ്പെടുന്നുവെന്നതും നോക്കേണ്ടതാണ്. തൊഴിൽക്കുഴപ്പംകൊണ്ടല്ല മറിച്ച് മിസ്മാനേജ്മെന്റുകൊണ്ടുമാത്രമാണ് പല വ്യവസായ സ്ഥാപനങ്ങളും തകരാനിടയായതെന്ന വസ്തുത അംഗീകരിക്കണം. ടെക്നോപാർക്ക്, സ്പെഷ്യൽ ഇക്കണോമിക് സോൺ തുടങ്ങിയ മേഖലകളിൽ പണിയെടുക്കുന്ന അഭ്യസ്തവിദ്യരായ ചെറുപ്പക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കണം. മാധ്യമ പ്രവർത്തകർക്ക് ജോലിസ്ഥിരത ഉറപ്പുവരുത്തണം. പുകവലിയുടെ ഉപയോഗം കുറഞ്ഞതുപോലെ മദ്യാസക്തിയിൽനിന്ന് ചെറുപ്പക്കാരെ രക്ഷിക്കുന്നതിനുള്ള പ്രചരണ പരിപാടികൾ സംഘടിപ്പിക്കണം.

ശ്രീ. മഞ്ഞളാംകുഴി അലി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പ്രവാസി പണത്തിന്റെ കാര്യത്തിൽ ഇന്ത്യ മുന്നിൽ നിൽക്കുന്നു എന്നാണ് വേൾഡ് ബാങ്കിന്റെ പഠനം വ്യാക്തമാക്കുന്നത്. ഓരോ വർഷവും പ്രവാസി

പണമായി ഇന്ത്യയിലെത്തുന്ന 85,000 കോടി രൂപയിൽ പകുതിയിലധികവും കേരളത്തിലേയ്ക്കാണ് ഒഴുകുന്നത്. 25 ലക്ഷത്തോളം വരുന്ന മലയാളികൾ ചോര നീരാക്കി അതിസാഹസികതയോടുകൂടി, പലപ്പോഴും അപമാനവും സഹിച്ചാണ് ഇത് നേടിയെടുക്കുന്നത്. എംബസ്സികളിലെ സ്റ്റാഫിന്റെ അപര്യാപ്തതമൂലം വിദേശത്തുവച്ച് മരണപ്പെടുന്ന പ്രവാസി മലയാളികളുടെ മരണ സർട്ടിഫിക്കറ്റും മറ്റും ലഭ്യമാക്കുന്നതിന് വളരെയധികം ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. വിദേശ മലയാളികളുള്ള സൗദി അറേബ്യയിലും കുറച്ചുള്ള പനാമയിലും എംബസ്സിയിലെ സ്റ്റാഫ് സ്ട്രെങ്ത്ത് ഒന്നാണ്. ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം. സാധാരണക്കാരായ വിദേശ മലയാളികളോട് എയർപോർട്ട് അധികൃതർ മോശമായ രീതിയിലാണ് പെരുമാറുന്നത്. കോഴിക്കോട് വിമാനത്താവളത്തിൽ പ്രവാസി മലയാളി കളിൽനിന്നും 15 കോടിയിലധികം രൂപ കസ്റ്റംസ് അധികൃതർ കൈക്കൂലി വാങ്ങിയതായി സി.ബി.ഐ. കണ്ടെത്തിയിട്ടുണ്ട്. വിദേശ മലയാളികളെ സംരക്ഷിക്കുന്നതിനുവേണ്ടി രൂപീകൃതമായ നോർക്കയുടെ പ്രവർത്തനം പ്രതീക്ഷയ്ക്കൊത്ത് ഉയർന്നിട്ടില്ല. നോർക്കയുടെ ഇംപ്ളിമെന്റിംഗ് ഏജൻസി യായിട്ടാണ് 'റൂട്ട്സ്' ആരംഭിച്ചത്. 'റൂട്ട്സ്' ഒന്നേകാൽ ലക്ഷത്തോളം സർട്ടിഫിക്കറ്റ് അറ്റസ്റ്റ് ചെയ്തുകൊടുത്തതുവഴി 7 കോടി രൂപയുടെ വരുമാനം ഉണ്ടാക്കുകയും അതിൽ 4 കോടി രൂപ നോർക്ക ചെയർമാനും ഉദ്യോഗസ്ഥ രുമായി വിദേശ രാജ്യങ്ങൾ സന്ദർശിക്കുന്നതിന് ചെലവഴിക്കുകയും ചെയ്തു വെന്ന ആക്ഷേപമുണ്ട്. സാധാരണക്കാരായ പ്രവാസികൾക്ക് ഗുണകരമായ യാതൊരു പ്രവർത്തനവും റൂട്ട്സ് ചെയ്യുന്നില്ല. വിദേശ മലയാളികളുടെ എണ്ണം സർക്കാരിന് കൃത്യമായി അറിയില്ല. അവരുടെ രജിസ്ട്രേഷൻ

നോർക്കവഴി നടത്തി ഡേറ്റാ കളക്ട് ചെയ്യണം. കഴിഞ്ഞ ഗവൺമെന്റ് 'നോർക്ക ഭവൻ' നിർമ്മിക്കുമെന്ന് പറഞ്ഞുവെങ്കിലും അത് നടപ്പായിട്ടില്ല 'നോർക്ക ഭവൻ' നിർമ്മിക്കാനുള്ള നടപടി ഉടനടി ആരംഭിക്കണം. വിദേശത്തുവച്ച് മരണപ്പെടുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പ്രവാസി മലയാളികളുടെ കുടുംബത്തെ സഹായിക്കാൻ റൂട്ട്സിൽനിന്ന് നോർക്ക ഒരു ലക്ഷം രൂപ സഹായധനമായി നൽകണം. ചില വിദേശ രാജ്യങ്ങളിലെ കടുത്ത നിയമങ്ങൾ കാരണം പ്രവാസി മലയാളികളുടെ വിദേശത്ത് പഠിക്കുന്ന കുട്ടികളുടെ കലാവാസന പ്രകടിപ്പിക്കാൻ കഴിയുന്നില്ല. അവർക്കായി എല്ലാ ജൂലൈ മാസത്തിലും ഒരു ഫെസ്റ്റിവൽ സംസ്ഥാനത്തുവച്ച് നടത്താൻ നടപടി സ്വീകരിക്കണം. കേരളത്തിൽ ഒരു ഇന്റർനാഷണൽ റസിഡൻഷ്യൽ സ്കൂൾ റൂട്ട്സിന്റെ പങ്കാളിത്തത്തോടെ നടപ്പിലാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കണം. പെറ്റി കേസ്സുകളിൽ പിടിക്കപ്പെട്ട് വിദേശ ജയിലുകളിൽ മാസങ്ങളോളം വിചാരണ കാത്തുകിടക്കുന്നവരെ മോചിപ്പിക്കാനുള്ള ചെലവ് സർക്കാർ വഹിക്കണം. എമിഗ്രേഷനുവേണ്ടി ഇന്ന് വിദേശ മലയാളികൾ ഡെപ്പോസിറ്റ് ചെയ്യുന്ന 10,000 കോടിയോളം രൂപ ഡെഡ് ഇൻവെസ്റ്റുമെന്റാണ്. കേന്ദ്ര ഗവൺമെന്റുവഴി ഇത് മടക്കിവാങ്ങി മടങ്ങിവന്ന പ്രവാസി മലയാളികളെ പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം. പ്രവാസി മലയാളികൾക്കിടയിലുള്ള വ്യാജ സംഘടനകളെ കണ്ടെത്തി അവർക്കെതിരെ നടപടിയെടുക്കണം. പരിഷ്കൃതമല്ലാത്ത എമിഗ്രേഷൻ നിയമം ഭേദഗതി ചെയ്യണം. സംസ്ഥാനത്ത് സർപ്ളസ്സായിട്ടുള്ള സ്കിൽഡ് വർക്കേഴ്സിനെ റൂട്ട്സ് വഴി റിക്രൂട്ട് ചെയ്ത് ജോലി സാദ്ധ്യതയുള്ള വിദേശ രാജ്യങ്ങളിൽ അയയ്ക്കുന്നതിന് നടപടി സ്വീകരിക്കണം.

പ്രവാസികളുടെ പ്രശ്നങ്ങൾ പരിഹരിച്ച് അവരെ വിശ്വാസത്തിലെടുത്താൽ വിഴിഞ്ഞം പദ്ധതിയും സ്മാർട്ട് സിറ്റിയും തുടങ്ങാൻ വേറെ ഫണ്ട് കണ്ടെത്തേണ്ടിവരില്ല. പ്രവാസി മലയാളികളുടെ എല്ലാ പ്രശ്നങ്ങളും പരിഹരി ക്കുന്നതിന് ഈ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കണം.

ശ്രീ.എസ്. രാജേന്ദ്രൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനും തൊഴിലാളികളെ സംരക്ഷിക്കാനും ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടുണ്ട്. കേരള ജനതയ്ക്ക് ഉപയോഗപ്രദമായ നയപരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കണം. ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സിൽ ജോലി ചെയ്യുന്നവർക്കായി ക്ഷേമ പദ്ധതികൾ നടപ്പാക്കാനുള്ള നിയമം പാസ്സാക്കാൻ സർക്കാർ നടപടി സ്വീകരിച്ചു. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ കേരള ജനതയെ സംരക്ഷിക്കാൻ നയപരിപാടികൾ നടപ്പിലാക്കുമ്പോൾ യു.ഡി.എഫ്. അതിനെ തല്ലിത്തകർക്കുന്ന നടപടികളാണ് സ്വീകരിച്ചുവന്നിട്ടുള്ളത്. തൊഴിൽ മേഖല യിൽ തൊഴിലവസരങ്ങൾ നിഷേധിക്കുകയും തോട്ടങ്ങൾ പൂട്ടുകയും പുത്തൻ സാമ്പത്തിക നയത്തിന്റെ ഫലമായി കേരള ജനതയെ ബുദ്ധി മുട്ടിക്കുകയുമാണ് കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ ചെയ്തത്. ഈ ഗവൺമെന്റ് അവർക്ക് ആശ്വാസകരമായ ഒട്ടേറെ സഹായങ്ങൾ ചെയ്യാൻ നടപടി സ്വീകരിച്ചു. കണ്ണൻ ദേവൻ കമ്പനി ലോക്കൗട്ട് ചെയ്യുമെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടപ്പോൾ മാനേജുമെന്റുമായി ഇടപെട്ട് തൊഴിലാളി പ്രതിനിധികളും ട്രേഡ് യൂണിയനുകളുമായി ചർച്ച നടത്തി ഒരാഴ്ചയ്ക്കുള്ളിൽ പ്രശ്നം പരിഹരിക്കാൻ നടപടി സ്വീകരിച്ചു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അഞ്ച് വർഷത്തിനിടയിൽ അഞ്ച് പ്രാവശ്യം പി.എസ്.സി. പരീക്ഷകൾ റദ്ദ് ചെയ്തു. ഇതിലൂടെ ചെറുപ്പക്കാർക്ക് തൊഴില

വസരം സൃഷ്ടിക്കുന്നതിന് പകരം അവസരം നിഷേധിക്കുകയാണുണ്ടായത്. ഇന്നലെ ചിക്കുൻ ഗുനിയയെ സംബന്ധിച്ച് ചർച്ച ചെയ്യാൻ കൂടിയ സർവ്വ കക്ഷി യോഗത്തിൽ ആരോഗ്യ വകുപ്പിൽ നാലായിരത്തിലേറെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതായി മനസ്സിലാക്കാൻ സാധിച്ചു. പല ഡിപ്പാർട്ടുമെന്റു കളിലായി നിരവധി ഒഴിവുകൾ നികത്താനുണ്ട്. ആശുപത്രി ജീവനക്കാർക്കും സ്വർണ്ണക്കടയിൽ പണിയെടുക്കുന്നവർക്കും ക്ഷേമ പദ്ധതി നടപ്പാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സംസ്ഥാനത്ത് 23 തോട്ടങ്ങൾ പൂട്ടി. തോട്ടങ്ങളുടെ പുനരുദ്ധാരണത്തിനും മറ്റും 1239.67 കോടി രൂപയുടെ പുതിയ പദ്ധതി ആവിഷ്ക്കരിക്കാൻ നടപടി സ്വീകരിച്ചു. 1996–ൽ നടപ്പാക്കിയ ചാരായ നിരോധനത്തിലൂടെ വേണ്ട രീതി യിലുള്ള ഫലം കണ്ടെത്താനായിട്ടില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പോലീസ്–എക്സൈസ് വകുപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമായിരുന്നില്ല. ബാറുകൾക്ക് 1–ാം തീയതി അവധി നൽകുന്നത് ഒഴിവാക്കി നല്ല മദ്യം ലഭിക്കുന്നതിനുള്ള അവസരമുണ്ടാക്കണം. ന്യായവില മദ്യഷാപ്പ് കൊണ്ടു വരുന്നതിന് നടപടി സ്വീകരിക്കണം. ആയുർവേദ മരുന്നായ അരിഷ്ടത്തിൽ ലഹരിയുണ്ടെങ്കിൽ അത് കണ്ടെത്തുന്നതിനും കഞ്ചാവ് വിൽപ്പന തടയുന്ന തിനും നടപടി സ്വീകരിക്കണം.

ശ്രീ. ടി. എൻ. പ്രതാപൻ : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഏറ്റവും പ്രധാനപ്പെട്ട നോർക്ക വകുപ്പിന് പ്രത്യേക ധനാഭ്യർത്ഥന ഹെഡ് കൊണ്ടുവരണം. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ് നോർക്കയുടെ ഇംപ്ളിമെന്റിംഗ് ഏജൻസിയായി റൂട്ട്സ് രൂപീകരിച്ചത്. വളരെയേറെ ശ്രദ്ധേയ മായ കാര്യങ്ങളാണ് റൂട്ട്സ് വഴി നടപ്പാക്കുന്നത്. നോർക്ക വകുപ്പിന്റെ ചെയർമാൻ മുഖ്യമന്ത്രിയാണ്; വൈസ് ചെയർമാനെ ഇതുവരെ കണ്ടെത്തി

യിട്ടില്ല. വൈസ് ചെയർമാനെ നിയമിക്കാൻ നടപടി സ്വീകരിക്കണം. നോർക്ക ഭവന്റെ നിർമ്മാണത്തിനുവേണ്ട തുക ബഡ്ജറ്റിൽ വകകൊള്ളിച്ച് അതിന്റെ പ്രവർത്തനം പൂർത്തിയാക്കണം. വിദേശ മലയാളികളെ പങ്കെടുപ്പിച്ചു കൊണ്ടുള്ള സമ്മേളനങ്ങൾ വിളിച്ചുകൂട്ടണം. കൊച്ചിൻ എയർപോർട്ടിന്റെ മാതൃകയിൽ എയർ കേരളയ്ക്ക് ഒരു സ്ഥാപനം നിർമ്മിക്കാനും വിമാന യാത്രക്കൂലി കുറയ്ക്കാനും നടപടി സ്വീകരിക്കണം. ഭാഷ അറിയാത്തതു കൊണ്ട് അപ്പീൽ ബോധിപ്പിക്കാൻ കഴിയാതെ ഗൾഫിൽ ജയിലിൽ കഴിയുന്ന മലയാളികളെ കേന്ദ്ര വിദേശകാര്യ മന്ത്രിയുടെ സഹായ ത്തോടുകൂടി മോചിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കണം. പ്രവാസി മലയാളികളിൽനിന്നും സ്വാശ്രയ കോളേജുകളിൽ അഞ്ചിരട്ടി ഫീസ് ഈടാക്കുന്നതിനുള്ള വ്യവസ്ഥ പുന:പരിശോധിക്കാൻ തയ്യാറാകണം. ഓരോ പഞ്ചായത്തിലും ബിവറേജസ് കോർപ്പറേഷന്റെ റീട്ടെയ്ൽ ഔട്ട്ലെറ്റ് സ്ഥാപിക്കുക, ഓരോ വാർഡിലും കള്ളുഷാപ്പുകൾ സ്ഥാപിക്കുക എന്നുള്ള തീരുമാനം പുന:പരിശോധിക്കണം. മദ്യവർജ്ജനം കാര്യക്ഷമമാക്കുന്നതിന് നിയമനിർമ്മാണം കൊണ്ടുവരണം. പോലീസ് ഉദ്യോഗസ്ഥർ വ്യാജമദ്യ റെയ്ഡ് നടത്തേണ്ട എന്ന ഡി.ജി.പി.-യുടെ നിർദ്ദേശം വ്യാജമദ്യ ലോബിയെ സഹായിക്കുമെന്നുള്ളതുകൊണ്ട് ആ തീരുമാനം പിൻവലിക്കണം. എക്സൈസ്സ് ഉദ്യോഗസ്ഥർക്ക് ആയുധങ്ങളും വാഹനവും കൊടുത്ത് പോലീസിന്റെ സഹായത്തോടുകൂടി വ്യാജമദ്യം പിടിക്കണം കടൽമാർഗ്ഗ മുള്ള വ്യാജമദ്യം തടയുന്നതിന് എക്സൈസ്സ് ഡിപ്പാർട്ട്മെന്റിൽ ബോട്ടുകളും മറ്റ് സൗകര്യങ്ങളും അനുവദിക്കാൻ നടപടി സ്വീകരിക്കണം. ഇന്റലിജൻസ് വിഭാഗം ശക്തിപ്പെടുത്തണം. മയക്കുമരുന്നിന്റെ വിൽപ്പന തടയുന്നതിനുള്ള

നടപടികൾ സ്വീകരിക്കണം. വിദേശ മദ്യഷാപ്പുകളുൾപ്പെടെയുള്ള മദ്യ ഷാപ്പുകൾ തുടങ്ങാനുള്ള അപകടകരമായ നയം മാറ്റണം.

<u>ശ്രീ. എം. കെ. പുരുഷോത്തമൻ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിലെ വ്യവസായമേഖലയിലും എക്സൈസ്സ് ഡിപ്പാർട്ട്മെന്റിലും ശ്രദ്ധേയമായ ചുവടുവയ്പുകൾ നടത്താൻ ഈ ഗവണ്മെന്റിന് കഴിഞ്ഞിട്ടുണ്ട്. സ്വകാര്യവൽക്കരണം, ആഗോളവൽക്കരണം തുടങ്ങി മാറിമാറി വന്ന കേന്ദ്ര സർക്കാരുകൾ സ്വീകരിച്ച ജനവിരുദ്ധ സാമ്പത്തിക നയങ്ങളുടെ ഫലമായിട്ടാണ് കേരളത്തിലെ സംഘടിതവും അസംഘടിതവുമായ വ്യവസായ മേഖല തകർന്നത്. തൊഴിലാളി വിരുദ്ധ നയസമീപനങ്ങളാണ് കഴിഞ്ഞ യു.ഡി.എഫ്. ഗവണ്മെന്റ് സ്വീകരിച്ചിരുന്നത്. തൊഴിലാളികളുടെ സമഗ്രമായ ക്ഷേമത്തിനും പുരോഗതിക്കുംവേണ്ടി തൊഴിലാളി നിയമങ്ങളും ക്ഷേമനിധികളും ക്ഷേമ പെൻഷനുകളും കേരള നിയമസഭ ആവിഷ്ക്കരിച്ചു നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ ചുമട്ടുതൊഴിലാളികളെ സാമൂഹ്യ വിരുദ്ധരായി ചിത്രീകരിക്കുന്ന വിധത്തിൽ കഴിഞ്ഞ യു.ഡി.എഫ്. ഗവണ്മെന്റ് പാസ്സാക്കിയ ചുമട്ടുതൊഴിലാളി നിയമം പരിശോധിച്ച്, അതിലെ തൊഴിലാളി വിരുദ്ധ വ്യവസ്ഥകൾ നീക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതോടൊപ്പം തൊഴിൽ നിയമങ്ങൾ കാലോചിതമായി പരിഷ്ക്കരിച്ച് തൊഴിലാളികളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിക്കണം. തൊഴിൽ തർക്കങ്ങളുമായി ബന്ധപ്പെട്ട് ലേബർ കോടതികളിൽ കെട്ടിക്കിടക്കുന്ന കേസ്സുകൾ തീർപ്പു കൽപ്പിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം. അംഗൻവാടി ജീവനക്കാർ, അൺ–എയ്ഡഡ് സ്ക്കൂൾ ജീവനക്കാർ, പ്രൈവറ്റ് ആശുപത്രി ജീവനക്കാർ എന്നിവരെക്കൂടി ഇ.എസ്.ഐ–യുടെ പരിധിയിൽ കൊണ്ടുവരണം. പിൻവാതിൽ നിയമനങ്ങൾ അവസാനിപ്പിച്ച് എംപ്ളോയ്മെന്റ് എക്സ്ചേഞ്ച്

വഴി നിയമനം നടത്താനുള്ള ഗവൺമെന്റിന്റെ നടപടികൾ സ്വാഗതാർഹമാണ്. എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്ന തോടൊപ്പം നവീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കണം. തൊഴിൽ വകുപ്പ് പുന:സംഘടിപ്പിക്കണം. പെൻഷൻ കുടിശ്ശികകൾ വിതരണം ചെയ്യാൻ ഈ ഗവൺമെന്റ് നടപടി സ്വീകരിച്ചു. കർഷകത്തൊഴിലാളികളുടെ 27 മാസത്തെ പെൻഷൻ കുടിശ്ശികയിൽ ഒരു വർഷത്തെ കുടിശ്ശിക ഈ ഗവണ്മെന്റ് കൊടുത്തുതീർത്തു. അതോടൊപ്പം കാർഷികം, മൽസ്യം, കയർ, കശുവണ്ടി, കൈത്തറി തുടങ്ങിയ മേഖലയിലെ തൊഴിലാളികളുടെ പെൻഷൻ വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കണം. കഴിഞ്ഞ അഞ്ച് വർഷം എക്സൈസ്സ് മേഖലയിൽ നടന്ന അഴിമതിയും സ്പിരിറ്റ് മാഫിയകളുടെ കടന്നുകയറ്റവും വ്യാജമദ്യമൊഴുക്കും തടയാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവണ്മെന്റ് ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വ്യാജമദ്യ വേട്ട തടയാൻ പോലീസുകാർക്ക് തോക്കും മൊബൈൽ ഫോണും കൊടുക്കാൻ തീരുമാനിച്ചുവെങ്കിലും അവ ദുരുപയോഗം ചെയ്യാതിരി ക്കാനുള്ള നടപടികളും ഉണ്ടാകണം.

ശ്രീ.കെ.കെ.ഷാജു: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരളത്തിലെ മദ്യ വ്യാപാര വിതരണരംഗം സെക്കന്റ്സിന്റേയും മദ്യമാഫിയയുടേയും പിടിയിലാണ്. സംസ്ഥാനത്ത് കസ്റ്റഡി/ലോക്കപ്പ് മരണങ്ങൾ ഉണ്ടായപ്പോൾ അതിനെതിരെ പോലീസും എക്സൈസ്സും യാതൊരു നടപടിയും സ്വീകരിച്ചില്ല. ഒരു വിഭാഗം ഉദ്യോഗസ്ഥരുടെ സഹായത്താലാണ് സ്പിരിറ്റ് കടത്ത് നടക്കുന്നത്. മദ്യമാഫിയയുടെ ചേരിപ്പോര് കൊണ്ടുമാത്രം ഇത്തരം സംഘങ്ങളെ കണ്ടുപിടിക്കുന്ന സ്ഥിതി മാറണം. ലഹരിപദാർത്ഥമായ പാൻമസാലയുടെ അമിത ഉപയോഗംമൂലം ഗുരുതരമായ സ്ഥിതിവിശേഷ

മാണ് നിലനിൽക്കുന്നത്. നിയമവിരുദ്ധമായി വിറ്റഴിക്കുന്ന ഇത്തരം സാധനങ്ങൾ തടയാനുള്ള നടപടി സ്വീകരിക്കണം. സ്പിരിറ്റ് കള്ളക്കടത്തിനും വിഷക്കള്ളിനുമെതിരെ ശക്തമായ സമരം സംഘടിപ്പിക്കണം. കാലഘട്ട ത്തിനനുസൃതമായി എക്സൈസ്സ് വകുപ്പ് ശക്തിപ്പെടുത്താനും പുന:സംഘടി പ്പിക്കാനും കഴിയണം. മദ്യവിൽപ്പന നടത്തുന്ന കടകൾ ഒന്നാം തീയതി അടച്ചിടുന്നത് ഒഴിവാക്കാൻ നിർവ്വാഹമില്ലെങ്കിൽ ഹോട്ടലുകളെയും കെ.ടി.ഡി.സി. ബിയർ പാർലറുകളെയും ഇതിൽനിന്ന് ഒഴിവാക്കി ടൂറിസ്റ്റുകൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിച്ച് ടൂറിസം മേഖല ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കണം. പിരിച്ചുവിടപ്പെട്ട ചാരായത്തൊഴി ലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കണം. തൊഴിൽ സംഘടനകൾ തങ്ങളുടെ അവകാശങ്ങളും ആനുകൂല്യങ്ങളും പിടിച്ചുപറ്റുമ്പോൾ നാടിനോടും സമൂഹത്തോടുമുള്ള കടമ വിസ്മരിക്കരുത്. പുതിയ വ്യവസായങ്ങൾ തുടങ്ങുമ്പോൾ ഉണ്ടാകുന്ന നേട്ടവും തൊഴിൽരഹിതരുടെ പ്രശ്നങ്ങളും തൊഴിലാളി സമൂഹം തിരിച്ചറിയണം. പല മേഖലയിലും വ്യാപകമായ പിടിച്ചുപറി നടത്തുന്നതിനെ നിരുൽസാഹ പ്പെടുത്താൻ ബന്ധപ്പെട്ട സംഘടനകൾ തയ്യാറാവുകയും അതിന് ഒരു പെരുമാറ്റച്ചട്ടം ഉണ്ടാക്കുകയും ചെയ്യണം. ക്ഷേമ പെൻഷനുകളുടെ തുക വർദ്ധിപ്പിക്കണം.

ശ്രീമതി ഇ.എസ്. ബിജി മോൾ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പരമ്പരാഗത മേഖലയിലെ പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. കശുവണ്ടി തൊഴിലാളികൾക്ക് 15 മാസത്തെ പെൻഷനും കർഷകത്തൊഴിലാളികൾക്ക് 16 മാസത്തെ പെൻഷനും അനുവദിച്ച നടപടി ശ്ലാഘനീയമാണ്. തൊഴിലാളി കളിൽനിന്നും ഈടാക്കുന്ന അംശദായം 2 രൂപയിൽ നിന്നും 5 രൂപയായി

വർദ്ധിപ്പിച്ചു എന്നതാണ് കഴിഞ്ഞ ഗവൺമെന്റിന്റെ ഏറ്റവും വലിയ ഭരണ നേട്ടം. ഈ വകയിൽ കിട്ടിയ തുക കർഷകത്തൊഴിലാളി ബോർഡിലെ ജീവനക്കാരുടെ ശമ്പളം കൊടുത്തുതീർക്കാനാണ് വിനിയോഗിച്ചത്. വിവിധ ക്ഷേമനിധി ബോർഡുകൾ ഏകീകരിക്കുന്നതിന് 10 കോടി രൂപയെങ്കിലും അനുവദിക്കണം. 18 ലക്ഷത്തിലധികം വരുന്ന തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഗണിക്കണം. ഈ ഗവൺമെന്റ് വന്നതിനുശേഷം 131,639 ലിറ്റർ സ്പിരിറ്റ്വേട്ട നടത്തിയത് പ്രശംസനീയമാണ്. വിവിധ റെയ്ഡുകളിലായി ആയിരക്കണക്കിന് കേസുകൾ രജിസ്റ്റർ ചെയ്തു. ഇത്തരം നടപടികൾ തുടർന്നും ഉണ്ടാകേണ്ടതാണ്. ജില്ലാതല അവലോകന കമ്മിറ്റികൾ ശക്തമാക്കണം. എന്റെ നിയോജകമണ്ഡലത്തിലെ 5000 കുടുംബങ്ങൾക്ക് ആശ്വാസ ധനസഹായമായി 2000 രൂപവീതം ഈ സർക്കാർ നൽകിയിട്ടുണ്ട്. തൊഴിൽ പ്രശ്നങ്ങൾ കണ്ടറിഞ്ഞ് സഹായിക്കുന്നതിന് സർക്കാർ തയ്യാറായിട്ടുണ്ട്. തോട്ടം മേഖലയിൽ ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ പ്രശംസനീയമാണ്. ഇക്കാര്യത്തിൽ മന്ത്രിമാരുടെ പ്രവർത്തനങ്ങൾ എടുത്തുപറയേണ്ടതാണ്. പൂട്ടിക്കിടന്ന മേഖലകൾ തുറക്കുന്നതിന് കൈക്കൊണ്ട നടപടി ഏറെ പ്രതീക്ഷ നൽകുന്നതാണ്. തൊഴിൽപ്രശ്നം സംബന്ധിച്ച് മാനേജ്മെന്റുകൾ ചർച്ചയ്ക്ക് വരാതിരിക്കുന്ന സാഹചര്യം ഇപ്പോൾ മാറിയിട്ടുണ്ട്. മാനേജ്മെന്റുകളെ നിലയ്ക്കു നിർത്താനും തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും കഴിയണം. 1953-ലെ ടീ ആക്ട് പ്രകാരമുള്ള ശുപാർശകൾ നടപ്പിലാക്കണം. 446.96 ഹെക്ടർ സ്ഥലത്ത് പുതിയ റീപ്ളാന്റേഷനുള്ള പ്രൊപ്പോസലും മെഡിസിനൽ പ്ളാന്റ് കൾട്ടിവേഷന് 75 കോടി രൂപയുടെ പദ്ധതിയും കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. 419 കോടി രൂപയുടെ പാക്കേജാണ്

സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുള്ളത്. കക്ഷി രാഷ്ട്രീയത്തിനതീതമായി പ്രശ്നങ്ങളെ കണ്ടുകൊണ്ട് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി അവയ്ക്ക് പരിഹാരം കാണണം. പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. തോട്ടം തൊഴിലാളികളുടെ വൈദ്യുതിച്ചാർജ്ജ് വേയ്വ് ചെയ്ത് കൊടുക്കാനാവശ്യമായ നടപടി സ്വീകരിക്കണം. കേരളപ്പിറവിയുടെ 50-ാം വാർഷികം ആഘോഷിക്കുന്ന വേളയിൽ പീരുമേട്ടിലുള്ള ഒരു തോട്ടമെങ്കിലും തുറക്കാനാവശ്യമായ ടാർജറ്റും ഉദാരമായ സമീപനവും പ്രതീക്ഷിക്കുകയാണ്.

<u>ശ്രീ. ബാബു എം. പാലിശ്ശേരി</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. തൊഴിലാളി നിയമങ്ങൾ തൊഴിലാഴി വിരുദ്ധനിയമങ്ങളായി മാറുന്നത് തടയണം. വ്യവസായം, വ്യാപാരം, കൃഷി എന്നിവ നിലനിൽക്കാനാവശ്യമായ നിയമനിർമ്മാണം ഉണ്ടാക്കണം. പാവപ്പെട്ട തൊഴിലാളികൾക്ക് ആശ്വാസകരമായ നടപടികൾ ഈ ഗവൺമെന്റ് കൊണ്ടുവരാൻ പോകുന്ന ബില്ലിൽ ഉൾപ്പെടുത്തണം. മരവ്യവസായ രംഗത്തെ തൊഴിലാളികളുടെ മിനിമം വേജസ് നോട്ടിഫൈഡ് രീതിയിൽ പുതുക്കി നിശ്ചയിക്കണം. ഇ.എസ്.ഐ. ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരെ നിയമിക്കണം. മുളങ്കുന്നത്തുകാവിൽ ഒരു ആയുർവ്വേദ ആശുപത്രി തുടങ്ങണം. തുച്ഛമായ വരുമാനമുള്ള അംഗൻവാടി ജീവനക്കാർ, ഹെൽപ്പർമാർ, പ്രൈവറ്റ് ആശുപത്രി ജീവനക്കാർ, അൺഎയ്ഡഡ് സ്കൂൾ ജീവനക്കാർ തുടങ്ങിയവർക്ക് ഇ.എസ്.ഐ. ആനുകൂല്യം ലഭ്യമാക്കണം. ചുരുട്ട് നിർമ്മാണ തൊഴിലാളികൾക്കുള്ള പെൻഷൻ കുടിശ്ശിക കൊടുത്തു തീർക്കണം. കേരളത്തെ മദ്യ-മയക്കുമരുന്ന് മാഫിയകളിൽനിന്നും സംരക്ഷിക്കാനാവശ്യ

മായ നടപടി സ്വീകരിക്കണം. മദ്യം സെക്കന്റ്സായി വിൽക്കുന്നതിനാൽ സംസ്ഥാനത്തിന് നികുതിയിനത്തിൽ ഒരു ദിവസം രണ്ട് കോടി രൂപയുടെ നഷ്ടമുണ്ടാകുന്നത് തടയാനാവശ്യമായ നടപടി സ്വീകരിക്കണം. മദ്യ കമ്പനികളുടെയും എക്സൈസ് വകുപ്പ് ഉദ്യോഗസ്ഥരുടെയും ഒത്താശ യോടെയുള്ള മദ്യവിൽപ്പനയ്ക്ക് പരിഹാരമുണ്ടാകണം. മദ്യനിരോധനം ഘട്ടംഘട്ടമായി നടപ്പിലാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. കുന്നംകുളം ഭാഗത്ത് പാൻമസാലയോടൊപ്പം ഹരിതാമൃതം എന്ന പേരിൽ വിൽക്കപ്പെടുന്ന ലഹരിപാനീയം നിരോധിക്കണം. സംസ്ഥാനത്തെ കാടുക ളിലെ കഞ്ചാവുകൃഷി പൂർണ്ണമായും ഇല്ലാതാക്കണം. തൃശ്ശൂരിലും കൊച്ചിയിലും പരക്കെ വിൽക്കപ്പെടുന്ന 'ഗുണ്ട' എന്ന ലഹരിസാധനം നിരോധിക്കണം. എക്സൈസ് ഉദ്യോഗസ്ഥർക്ക് ആവശ്യമായ ആയുധ ങ്ങളും മറ്റ് സൗകര്യങ്ങളും നൽകി എക്സൈസ് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം. സ്പിരിറ്റ് കള്ളക്കടത്തും വ്യാജവാറ്റും തടയാനുള്ള ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ ശ്ളാഘനീയമാണ്. കടൽവഴി കടത്തുന്ന മദ്യം പിടിച്ചെടുക്കാൻ സഹായിക്കുന്ന മൽസ്യത്തൊഴിലാളികൾക്ക് പാരിതോ ഷികം നൽകണം. ലഹരി വസ്തുക്കൾക്കെതിരെ വ്യാപകമായ പ്രചാരണം നടത്തണം. കള്ളിൽ ചാരായം കലർത്തി വിൽക്കുന്നതു തടയണം.

<u>ശ്രീ.ആര്യാടൻമുഹമ്മദ്:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാ നത്തെ വിവിധ ക്ഷേമനിധി ബോർഡുകൾക്ക് ആവശ്യമായ തുക നീക്കിവ യ്ക്കണം. നിലവിലുള്ള മിനിമം വേജസ് കമ്മിറ്റികൾ നോട്ടിഫിക്കേഷൻ മെത്തേഡിലൂടെ റിവൈസ് ചെയ്യുന്നതിനും പുതിയ കമ്മിറ്റികൾ രൂപീകരിക്കുന്നതിനും ആവശ്യമായ ഫണ്ട് നൽകണം. കേരളത്തെ പ്രശ്ന

സംസ്ഥാനമല്ലാതാക്കി മാറ്റാൻ യു.ഡി.എഫും എൽ.ഡി.എഫും വിവിധ തൊഴിലാളി യൂണിയനുകളും വഹിച്ചിട്ടുള്ള പങ്ക് സ്തുത്യർഹമാണ്. തൊഴിൽ മേഖലയിൽ മാൻഡേയ്സ് ലോസ് കുറയ്ക്കാനും തൊഴിലാളി സമരം ഇല്ലാതാക്കാനും കഴിഞ്ഞത് നല്ല കാര്യമാണ്. അതിന്റെ ഫലങ്ങൾ പ്രയോജനപ്പെടുത്താൻ കഴിയണം. പ്ലാന്റേഷൻ മേഖലയിൽ മിനിമം വേജസ് നടപ്പാക്കണം. റബ്ബർ തൊഴിലാളികളുടെ ശമ്പളം പരിഷ്ക്കരിക്കണം; കുടിശ്ശികയും നൽകണം. ഇന്ന് സംസ്ഥാനത്ത് നല്ല തൊഴിൽ അന്തരീക്ഷമാണുള്ളത്. വ്യാവസായിക-കാർഷിക മേഖലകളിൽ കൂടുതൽ മുതൽമുടക്കി തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കണം. ഈ കാര്യത്തിൽ വെസ്റ്റ് ബംഗാൾ ഗവൺമെന്റിന്റെ മാതൃക അനുകരിക്കണം. തൊഴിൽ തർക്കങ്ങളിൽ തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ച് ഉത്തരവിറക്കാനുള്ള അധികാരം ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ടിലെ 10 (ബി) അനുസരിച്ചുണ്ട്. അത് അഡ്ജുഡിക്കേഷന്റെ അവാർഡ് വരുന്നതുവരെ ഭേദഗതി ചെയ്യണം. എങ്കിൽ മാത്രമേ തൊഴിൽ മേഖലയിൽ സമാധാനപരമായ അന്തരീക്ഷം സൃഷ്ടിക്കാൻ കഴിയൂ. മദ്യ ഷാപ്പ് എവിടെയൊക്കെ തുടങ്ങണം ഏതൊക്കെ പൂട്ടണം എന്ന് തീരുമാനിക്കാനുള്ള അധികാരം ലോക്കൽ ബോഡികൾക്ക് നൽകണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): പ്രവാസി മലയാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സജീവ താൽപര്യമെടുത്തിട്ടുണ്ട്. ബോംബെയിൽ സ്ഫോടനമുണ്ടായപ്പോൾ ബോംബെയിലും ഡൽഹിയിലും തിരുവനന്തപുരത്തും നോർക്കയുടെ ഹെൽപ്പ്ലൈൻ ആരംഭിച്ച് ഫലപ്രദമായ പ്രവർത്തനം നടത്തി. സീനിയർ ഐ.എ.എസ്. ഉദ്യോഗസ്ഥനെ

ബോംബെയിൽ അയച്ച് മലയാളികൾക്കാവശ്യമായ സഹായം നൽകാൻ ഏർപ്പാടുണ്ടാക്കി. ഇസ്രയേൽ ആക്രമണത്തെത്തുടർന്ന് ലബനനിൽ നിന്ന് ഒഴിഞ്ഞുവന്ന മലയാളികളെ സഹായിക്കാൻ നോർക്ക പ്രത്യേക സംവിധാനം ഒരുക്കിയിരുന്നു. ഒമാനിൽ യാത്രാ രേഖകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുടെ പേരിൽ തടവിലാക്കപ്പെട്ട മലയാളിയുടെ മോചനത്തിനായി നടപടിയെടുക്കാൻ കേന്ദ്രത്തിൽ നിരന്തരം സമ്മർദ്ദം ചെലുത്തി. എമിഗ്രേഷൻ ക്ളിയറൻസുമായി ബന്ധപ്പെട്ട കാര്യങ്ങളിലെ സങ്കീർണ്ണത പരിഹരിക്കാൻ പ്രധാനമന്ത്രിക്ക് നിവേദനം നൽകിയതനുസരിച്ച് ചില നടപടികൾ കേന്ദ്ര സർക്കാർ സ്വീകരിക്കുകയുണ്ടായി. നോർക്കയെ കുറെക്കൂടി ശക്തിപ്പെടുത്തി പ്രവാസി കേരളീയരുടെ ക്ഷേമപ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. വിദേശത്ത് ജോലിക്ക് പോകുന്നവരിൽ തങ്ങളുടേതല്ലാത്ത കുറ്റത്തിന് ജയിലിൽ കഴിയുന്നവരും കേസിൽപെട്ടവരുമായവർക്ക് സൗജന്യ നിയമ സഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതാണ്. പ്രവാസി മലയാളികളുടെ വിദേശത്ത് പഠിക്കുന്ന മക്കളുടെ കല, സാംസ്ക്കാരിക, കായിക പ്രവർത്തനങ്ങൾ അഭിവൃദ്ധിപ്പെടുത്താനും പ്രോൽസാഹിപ്പിക്കാനും സംവിധാനമുണ്ടാക്കുന്നതാണ്. പ്രവാസി മലയാളികളായ സ്ക്കൂൾ വിദ്യാർത്ഥികളുടെ യുവജനോൽസവം നോർക്കയുടെ ആഭിമുഖ്യത്തിൽ കേരളത്തിൽ സംഘടിപ്പിക്കുന്ന കാര്യം ആലോചിച്ചുവരികയാണ്. വിദേശത്തുവച്ച് മരണമടയുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പ്രവാസി മലയാളികളുടെ കുട്ടികൾക്ക് സംസ്ഥാനത്ത് വിദ്യാഭ്യാസച്ചെലവിനായി അര ലക്ഷം രൂപ സഹായം നൽകാൻ തീരുമാനിച്ചിരിക്കുകയാണ്. പ്രവാസി കേരളീയരുടെ ആവശ്യങ്ങൾക്കായി നോർക്കയുടെ ആസ്ഥാന

മന്ദിരത്തിൽ എല്ലാവിധ സംവിധാനങ്ങളും ഉണ്ടാക്കേണ്ടതാണ്. വിദേശ ജോലിക്കായി മലയാളികളെ റിക്രൂട്ട് ചെയ്യുന്നതിന് നോർക്കയെ ഏർപ്പെടുത്തുന്നതാണ്. ഗൾഫ് യാത്രാക്കൂലി കൂടെക്കൂടെ വർദ്ധിപ്പിക്കുന്ന വിമാന കമ്പനികളുടെ നയത്തിന് അറുതിവരുത്താൻ കേന്ദ്ര ഗവൺമെന്റിൽ നിവേദനം നടത്തുന്നതാണ്. എമിഗ്രേഷൻ ഫീസിന്റെ വിഹിതം സംസ്ഥാനത്തെ വിദേശ മലയാളികളുടെ ക്ഷേമത്തിനുവേണ്ടി ലഭ്യമാക്കാനുതകുന്നവിധം പ്രോജക്ട് നൽകി അത് പ്രയോജനപ്പെടുത്താനുള്ള നടപടി സ്വീകരിക്കുന്നതാണ്.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി <u>(ശ്രീ.പി.കെ.ഗുരുദാസൻ):</u> പ്രതിപക്ഷത്തുനിന്നും ഭരണപക്ഷത്തുനിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങൾ സ്വാഗതാർഹമാണ്. അവ അംഗീകരിക്കാനും നടപ്പിലാക്കാനും ഈ ഗവൺമെന്റ് സന്നദ്ധമാണ്. കേരളത്തിലെ 85 ലക്ഷം തൊഴിലാളികളിൽ ഗണ്യമായ വിഭാഗം പരമ്പരാഗത-അസംഘടിത തൊഴിലാളികളാണ്. സംഘടിത വ്യവസായങ്ങൾ കേരളത്തിൽ താരതമ്യേന കുറവാണ്. അസംഘടിത തൊഴിലാളികളുടെയും കൃഷിക്കാരുടെയും ഉന്നമനം ആസ്പദമാക്കിക്കൊണ്ടുള്ള ഒരു സമീപനമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് സ്വീകരിക്കുന്നത്. വ്യവസായം, കൃഷി, മത്സ്യബന്ധനം തുടങ്ങിയ പരമ്പരാഗത മേഖലകളെ സംരക്ഷിക്കുന്നതിന് പ്രത്യേക ഫണ്ട് കണ്ടെത്തണം. എല്ലാ തൊഴിലാളി സംഘടനകളുമായി ചർച്ച ചെയ്തതിനു ശേഷം മിനിമം വേജസ് നോട്ടിഫിക്കേഷനിലുള്ള നിർദ്ദേശങ്ങൾ തൊഴിലാളികൾക്ക് പ്രയോജനകരമാണെങ്കിൽ അത് നടപ്പിലാക്കാനാണ് ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്. ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് തൊഴിലാളികൾക്കുവേണ്ടി ഒരു ബിൽ ഈ

ഗവൺമെന്റ് പാസ്സാക്കാൻ പോവുകയാണ്. കൈത്തറി തൊഴിലാളികൾക്കു വേണ്ടിയുള്ള സെസ്സ് ബിൽ ഗവൺമെന്റും ക്യാബിനറ്റും അംഗീകരിച്ചു. സ്വർണ്ണത്തൊഴിലാളികൾക്കുവേണ്ടി ഒരു ബിൽ ഇപ്പോൾ തയ്യാറാക്കി ക്കൊണ്ടിരിക്കുകയാണ്. മൊത്തം 23 ക്ഷേമനിധി ബോർഡുകളാണുള്ളത്. ലേബർ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ 12 ക്ഷേമനിധി ബോർഡുകളും ചില ക്ഷേമപദ്ധതികളുമുണ്ട്. ഈ ക്ഷേമനിധി ബോർഡുകളെല്ലാം ഏകോപിപ്പിച്ച് ഒരു പൊതു അപ്പക്സ് ബോഡിയോ മറ്റേതെങ്കിലും സംവിധാനമോ ഏർപ്പെടുത്തുന്ന കാര്യം ആലോചിക്കാം. സാമ്പത്തികമായി മുന്നോക്കം നിൽക്കുന്നവരും പിന്നോക്കം നിൽക്കുന്നവരുമായ തൊഴിലാളികളെ ഉൾപ്പെടുത്തിക്കൊണ്ട് എല്ലാ ക്ഷേമനിധികളും ഒരുമിച്ച് എങ്ങനെകൊണ്ടു പോകാൻ കഴിയുമെന്നത് സംബന്ധിച്ച് വിശദമായ ചർച്ചയ്ക്കുശേഷം മാത്രമേ പറയാൻ കഴിയുകയുള്ളു. കേന്ദ്ര ഗവൺമെന്റ് അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുവേണ്ടി ഒരു പ്രത്യേക ബിൽ 2002-ൽ കൊണ്ടുവന്നതാണ്. 2005-ൽ 36 കോടി തൊഴിലാളികളെ ഉൾപ്പെടുത്തി ആ കരട് ബിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അത് പൊതുവിൽ സ്വീകാര്യമായിട്ടുള്ള ഒരു ബില്ലാണ്, അതേസമയം പാർലമെന്റിൽ കൊണ്ടുവരാനോ അത് പാസ്സാക്കാനോ കേന്ദ്ര ഗവൺമെന്റ് ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ട്രേഡ് യൂണിയൻ റെക്കഗ്നിഷൻ സംബന്ധിച്ച കരട് ബിൽ പന്ത്രണ്ടാം കേരള നിയമസഭയിൽ അവതരിപ്പിച്ച് പാസ്സാക്കുന്നതാണ്. പരമ്പരാഗത വ്യവസായ ങ്ങളെയും ആ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളെയും സംരക്ഷിക്കുന്ന തരത്തിലുള്ള പദ്ധതികളാണ് എൽ.ഡി.എഫ്. സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഐ.ടി. മേഖലയിൽ തൊഴിലാളികൾക്ക് ട്രേഡ് യൂണിയൻ അവകാശങ്ങൾ നിഷേധിച്ചിരിക്കുകയാണ്. ഈ രംഗത്ത് നടക്കുന്ന

ചൂഷണം അവസാനിപ്പിച്ച് തൊഴിലാളികളെ സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കും. ഡിപ്പാർട്ടുമെന്റിലെ ഉയർന്ന ഉദ്യോഗസ്ഥരുമായി സഹകരിച്ച് ലേബർ ഡിപ്പാർട്ടുമെന്റിനെ കരുത്തുറ്റതാക്കാനും അന്തസ്സും നിലവാരവും ഉയർത്താനും പരിശ്രമിക്കുന്നതാണ്. കൺസിലിയേഷൻ മെഷിനറി ശക്തിപ്പെടുത്തി തൊഴിൽ പ്രശ്നങ്ങൾ എത്രയുംവേഗം തീർക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കും. ശ്രീ.ജയകുമാറിനെ ആക്രമിച്ച സംഭവത്തെക്കുറിച്ച് അന്വേഷിച്ച് കുറ്റവാളികളെ രംഗത്തുകൊണ്ടുവരുന്നതാണ്. അഴിമതിക്കും ഹീനപ്രവർത്തനങ്ങൾക്കുമെതിരായി ഒറ്റക്കെട്ടായി നിലകൊള്ളുന്നതിനും എക്സൈസ്സ് വകുപ്പ് അംഗീകാരമുള്ള വകുപ്പാക്കി മാറ്റുന്നതിനും ശക്തമായ നടപടി സ്വീകരിക്കും. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യാജമദ്യത്തിന്റെ ഒഴുക്ക് തടയാൻ കഴിഞ്ഞതിന്റെ ഫലമായി ബിവറേജസ് കോർപ്പറേഷനിലൂടെയുള്ള മദ്യവില്പനയുടെ നിരക്ക് 20 ശതമാനം വർദ്ധിപ്പിക്കാൻ കഴിഞ്ഞു. ഒഴിവുള്ള എല്ലാ വേക്കൻസികളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യണമെന്ന നിർദ്ദേശം നൽകിയതിലൂടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുകയും വിവിധ വകുപ്പുകളിലായി 15,000 വേക്കൻസികൾ റിപ്പോർട്ട് ചെയ്യപ്പെടുകയും 7000-ത്തിലധികം ആളുകളെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഇ.എസ്.ഐ.ഡയറക്ടറേറ്റിൽനിന്ന് 139 ഡോക്ടർമാർക്ക് നിയമന ഉത്തരവ് അയച്ചുകഴിഞ്ഞു. ഒഴിവുകൾ നികത്തുന്ന നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു. മൺപാത്ര നിർമ്മാണത്തൊഴിലാളികളുടെ ക്ഷേമത്തിനായി ഒരു പ്രത്യേക സ്കീം ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതാണ്. കേന്ദ്ര ഗവണ്മെന്റുമായി ആലോചിച്ച് ബാലവേല നിരോധിക്കുന്നതിന് സമഗ്രമായ നിയമം കൊണ്ടുവരുന്നതിന് സർക്കാർ മുൻകൈയെടുക്കും. കണ്ണൻ ദേവൻ കമ്പനി നിയമവിരുദ്ധമായി അടച്ചിട്ട 3

തോട്ടങ്ങൾ ചർച്ചയിലൂടെ തുറന്നു പ്രവർത്തിപ്പിക്കാൻ സർക്കാരിന് സാധിച്ചു. മിലിറ്റൻസിയാണ് കേരളത്തിൽ വ്യവസായങ്ങൾ വരുന്നതിന് തടസ്സമായി നിൽക്കുന്നത് എന്ന വാദം ശരിയല്ല. 1980–ൽ പ്രഖ്യാപിച്ച തെങ്ങ് കയറ്റ തൊഴിലാളി ക്ഷേമനിധി പദ്ധതി പ്രകാരം നിശ്ചയിച്ചിരുന്ന ചുരുങ്ങിയ നഷ്ടപരിഹാരത്തുക പുതുക്കി നിശ്ചയിക്കുന്നതോടൊപ്പം ഏതെങ്കിലും ക്ഷേമപദ്ധതിയുമായി ബന്ധപ്പെടുത്തി അവരുടെ സാമൂഹ്യ സുരക്ഷ ഉറപ്പുവരുത്തുന്നതാണ്. മദ്യത്തിന്റെ ഉപഭോഗം വർദ്ധിച്ചിട്ടുണ്ടെന്നും ചാരായ നിരോധനത്തെത്തുടർന്ന് വ്യാജമദ്യ വിൽപ്പന വ്യാപിച്ചിട്ടുണ്ടെന്നുമാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 1968–ലെ എക്സൈസ്സ് സ്ട്രെങ്ത് വർദ്ധിപ്പിക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ഈ വകുപ്പിൽ ആകെ 125 റേഞ്ച് ഓഫീസുകളാണ് ഉള്ളത്. സുശക്തമായ മദ്യ മാഫിയകളെ നേരിടാൻ തക്കവിധത്തിൽ എക്സൈസ്സ് വകുപ്പിനെ നവീകരിക്കുന്നതിനും കരുത്തുറ്റതാക്കുന്നതിനും റേഞ്ച് ഓഫീസുകളുടെ എണ്ണം വർദ്ധിപ്പിച്ചും ആയുധങ്ങളും വാഹനങ്ങളും നൽകിയും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളുമായി സർക്കാർ മുന്നോട്ടു പോകുന്നതാണ്. എക്സൈസ്സ് ജീവനക്കാർക്ക് പരിശീലനം കൊടുക്കുന്നതിന് തൃശൂരിൽ പണിയാരംഭി ച്ചിട്ടുള്ള എക്സൈസ്സ് അക്കാഡമി എത്രയുംവേഗം പൂർത്തീകരിക്കുന്നതിന് പരിശ്രമിക്കും. അബ്കാരി കുറ്റകൃത്യങ്ങളെ സംബന്ധിച്ച കേസുകൾ തീർക്കുന്നതിന് നിയമനിർമ്മാണം ഉൾപ്പെടെ ആവശ്യമായ നടപടികൾ സ്വീകരിക്കും. എക്സൈസ്സ് വകുപ്പ് പിടിച്ചെടുത്ത തൊണ്ടിസാധനങ്ങൾ നഷ്ടപ്പെടുന്നതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പിടിച്ചെടുത്ത വാഹനങ്ങൾ ലേലത്തിൽ വിറ്റ വകയിൽ 90.3 ലക്ഷം രൂപ സർക്കാരിന് ലഭിച്ചിട്ടുണ്ട്. ലേലം ചെയ്യാതെ

കിടക്കുന്ന പഴയ വാഹനങ്ങൾ പരിശോധിച്ചശേഷം നടപടി എടുക്കും. പിടിച്ചെടുക്കുന്ന സ്പിരിറ്റിന്റെ വിലയുടെ ഒരു ചെറിയ ശതമാനം ജീവനക്കാർക്കും ഇത് കണ്ടെത്താൻ സഹായിക്കുന്ന നാട്ടുകാർക്കും പാരിതോഷികമായി കൊടുക്കുന്നതിനെപ്പറ്റി ആലോചിക്കുന്നതാണ്. തൃശൂർ വാടാനപ്പള്ളി കടലിൽവച്ച് മത്സ്യത്തൊഴി ലാളികൾ ധൈര്യപൂർവ്വം സ്പിരിറ്റ് പിടിച്ചത് തീർച്ചയായും പ്രോത്സാഹജനകമാണ്. കള്ളുഷാപ്പുകൾ സംരക്ഷിക്കുക എന്നത് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ പ്രതിബദ്ധത യോടെയുള്ള തീരുമാനമാണ്. നല്ല കള്ള് ഉൽപ്പാദിപ്പിച്ച് വിൽപ്പന നടത്തുന്നതിനുള്ള സംവിധാനത്തെക്കുറിച്ച് വിശദമായി ചർച്ചചെയ്ത് മദ്യനയം ആവിഷ്ക്കരിച്ച് അടുത്തവർഷം നടപ്പിലാക്കാനുള്ള നടപടി കളുമായി മുന്നോട്ടുപോകുകയാണ്. SEZ-നകത്ത് തൊഴിൽ നിയമങ്ങൾ ബാധകമാക്കുന്നതു സംബന്ധിച്ച് സ്റ്റേറ്റ് ഗവൺമെന്റു കൾക്ക് അധികാരമുണ്ട്, അതിൽ ഇടപെടുന്നില്ലെന്നാണ് കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ കൊണ്ടു വന്നിരിക്കുന്ന വ്യവസ്ഥ. അതുകൊണ്ട് SEZ-നകത്ത് തൊഴിൽനിയമങ്ങൾ പാലിക്കേണ്ടതില്ല എന്ന നിഗമനത്തിലെത്താൻ പാടില്ല. ചെക്ക്പോസ്റ്റുകളുടെ സ്ട്രെങ്ത് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കും. തൊഴിൽ നിയമങ്ങൾ നടപ്പിലാക്കുന്നതിന് എൻഫോഴ്സ്മെന്റ് വിഭാഗത്തെ ശക്തിപ്പെടുത്തും. തൃശൂരിലെ മുളങ്കുന്നത്തുകാവിൽ ഇ.എസ്.ഐ.യുടെ കീഴിൽ 100 ബെഡ്ഡുകൾ ഉള്ള ഹോമിയോ–ആയുർവ്വേദ ആശുപത്രി ആരംഭിക്കും. അൺഎയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരേയും ജീവനക്കാരേയും ഇ.എസ്.ഐ.യുടെ പരിധിയിൽ കൊണ്ടുവരാൻ ആവശ്യമായ നടപടി കളെടുക്കും. ബോണക്കാട് എസ്റ്റേറ്റ് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ

കാലത്ത് അടച്ചുപൂട്ടിയതാണ്. ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് 20 തോട്ടങ്ങൾ അടച്ചുപൂട്ടി. അതിൽ 6 എണ്ണം ഭാഗികമായി പ്രവർത്തിക്കുന്നുണ്ട്. പീരുമേട് ടീ കമ്പനി തുറന്നു പ്രവർത്തിക്കണമെന്നത് അവിടത്തെ ജനങ്ങളുടെ പ്രധാന ആവശ്യമാണ്. മുതലാളിമാർ തോട്ടങ്ങൾ ഉപേക്ഷിച്ചുപോയി; കൂലിക്കുടിശ്ശിക ഉണ്ട്. പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് കേന്ദ്ര വാണിജ്യ വകുപ്പിന്റെ സഹായം തേടിയിട്ടുണ്ട്. തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റിൽ 1677 കോടി രൂപയുടെ റിവൈവൽ പാക്കേജ് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് ഇതുസംബന്ധിച്ച് താമസിയാതെ തീരുമാനമെടുക്കുമെന്ന് അറിയിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ സഹായവും പ്രതിപക്ഷത്തിന്റെ പൂർണ്ണമായ സഹകരണവുമുണ്ടായാൽ മിക്കവാറും എല്ലാ തോട്ടങ്ങളും തുറന്ന് പ്രവർത്തിപ്പിക്കാൻ കഴിയും. തോട്ടം തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കും. ആകെയുള്ള പ്ലാന്റേഷന്റെ 38,000 ഹെക്ടർ തേയില തോട്ടങ്ങളാണ്. നല്ല ലാഭമുണ്ടായിരുന്ന സമയത്ത് തേയില തോട്ടങ്ങളിൽ റീപ്ലാന്റേഷൻ നടത്തിയിട്ടില്ല. അതിനാൽ തേയില, കാപ്പി, ഏലം തോട്ടങ്ങളെ സംരക്ഷിക്കുന്നതിനുള്ള നടപടികളുമായിട്ട് മുന്നോട്ട് പോകേണ്ടതായിട്ടുണ്ട്. മിനിമം വേജസ് കമ്മിറ്റിയുടെ പക്കൽ പണ മില്ല എന്ന അറിവ് ശരിയല്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 9,80,000 രൂപ ഉണ്ടായിരുന്നിട്ടും ഒരു പൈസ പോലും ചെലവാക്കാൻ കഴിഞ്ഞിട്ടില്ല. ഈ ഗവൺമെന്റ് ആവശ്യം വേണ്ട മേഖലയിൽ മിനിമം വേജസ് കമ്മിറ്റി രൂപീകരിച്ച് തൊഴിലാളികളുടെ മിനിമം വേജസ് പുതുക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. കഴിഞ്ഞ 5 വർഷക്കാലമായി തൊഴിലാളികൾക്ക് ലഭിക്കാതിരുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ ഈ ഗവൺമെന്റ് മുൻകൈ

യെടുക്കുന്നതാണ്. റബ്ബർ തോട്ടം തൊഴിലാളികളുടെ കാര്യത്തിൽ മുതലാളി മാരുമായി ചർച്ച ചെയ്ത് സെറ്റിൽമെന്റിൽ എത്തുകയും അവർക്ക് കൊടുക്കാനുള്ള 50 ശതമാനം കുടിശ്ശിക കൊടുക്കാനുള്ള തീരുമാനമുണ്ടായ തിന്റെ ഫലമായി 6000 രൂപ മുതൽ 11,000 രൂപ വരെ ലഭിക്കുകയും ചെയ്തി ട്ടുണ്ട്. ഗവൺമെന്റ് ഏകപക്ഷീയമായി മിനിമം വേജസ് പ്രഖ്യാപിക്കുമ്പോൾ കോടതി മുഖേന മുതലാളിമാർ അതിന് വിഘാതം സൃഷ്ടിക്കുന്ന സാഹചര്യം ഉണ്ടാകാത്ത തരത്തിൽ തോട്ടമുടമകളുമായി ചർച്ച ചെയ്യും. സ്മാർട്ട് സിറ്റി, വിഴിഞ്ഞം തുറമുഖം പദ്ധതി, വല്ലാർപാടം കണ്ടെയിനർ ടെർമിനൽ എന്നിവ നടപ്പിലാക്കുന്നതോടുകൂടി പരമാവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയും. പരമ്പരാഗത വ്യവസായ മേഖലയിൽ നഷ്ടപ്പെട്ട തൊഴിൽ അവസരങ്ങൾ പുന:സ്ഥാപിക്കാൻ പരിശ്രമിക്കുന്നതാണ്. ദൃശ്യ-മാധ്യമ ജീവനക്കാരെ വർക്കിംഗ് ജേർണലിസ്റ്റുകളുടെ വേജ് ബോർഡിന്റെ പരിധി യിൽ ഉൾപ്പെടുത്തുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുന്ന താണ്. കേന്ദ്രാവിഷ്കൃത പദ്ധതി പോലെ തദ്ദേശഭരണ സംവിധാനങ്ങളും എം.എൽ.എ.മാരും മുൻകൈയെടുത്ത് ആവശ്യമായ ഇൻഫ്രാസ്ട്രക്ച്ചറൽ ഫെസിലീറ്റിസ് നല്കുന്ന സ്ഥലങ്ങളിൽ ഐ.ടി.ഐ. കൾ ആരംഭിക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്. 1-ാം തീയതി ഷാപ്പുകൾ തുറക്കുവാൻ ഗവൺമെന്റ് തീരുമാനമെടുത്തിട്ടില്ല. ഭരണ-പ്രതിപക്ഷ കക്ഷി കൾക്ക് യോജിപ്പുണ്ടെങ്കിൽ അതിനെക്കുറിച്ച് ആലോചിക്കാം. ശബരിമല സീസണിൽ 4 താൽക്കാലിക റെയ്ഞ്ച് ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. പുതിയ റെയ്ഞ്ച് ഓഫീസുകൾ ആരംഭിക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്. എക്സൈസ്സ് ഡിപ്പാർട്ടുമെന്റിലെ എസ്.ഐ.റാങ്കിലു ള്ളവർക്ക് പിസ്റ്റലും മൊബൈൽ ഫോണും നല്കുന്ന കാര്യം

ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു

എക്സൈസ് എന്ന VIII–ാം നമ്പർ ധനാഭ്യർത്ഥനയും തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV–ാം നമ്പർ ധനാഭ്യർത്ഥനയും 28–നെതിരെ 70 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 4.22– ന് പിരിഞ്ഞു.